കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

**ഷൊർണ്ണൂർ നഗരസഭ**

**ഓഡിറ്റ് റിപ്പോർട്ട്**

**2017-18**

## ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

e-mail:dopkd.ksad@kerala.gov.in

നമ്പർ കെഎസ്എ പികെഡി22-167/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

തീയതി-14.05.2019.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർ പേഴ്സൺ (സെക്രട്ടറി മുഖാന്തിരം)

ഷൊറണ്ണൂർ നഗരസഭ

സർ,

വിഷയം : ഷൊറണ്ണൂർ നഗരസഭ- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷൊറണ്ണൂർ നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രംസഹിതം)

3)കാര്യാലയ പകർപ്പ്

നമ്പർ കെഎസ്എ പികെഡി22-167/2019 തിയ്യതി:14.05.2019.

<u>പാലക്കാട് ജില്ലയിലെ ഷൊറണൂർ നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ്295(4), 1994 ലെ കേരളാലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 19-10-2017 മുതൽ 11-12-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-12-2018 മുതൽ 26-12-2018 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. കെ.സി.ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എൻ.വി.കൃഷ്ണദാസ് | ഓഡിറ്റർ |
| ശ്രീ.ഐ.കന്ദസ്വാമി | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.വി.വിമല ടീച്ചർ | 1-4-17 മുതൽ 31-03-18വരെ |
| സെക്രട്ടറി | ശ്രീ.സജി എൽ.എസ് | 1-4-17മുതൽ 1-5-17 വരെ |
| | ശ്രീ.ഇ.ഡി.ബെന്നി<br>(സൂപ്രണ്ട് ഇൻ ചാർജ്) | 02-5-17 മുതൽ 27-5-17 വരെ |
| | ശ്രീ.സജി എൽ.എസ് | 28-5-17മുതൽ 18-6-17വരെ |
| | ശ്രീ.ഇ.ഡി.ബെന്നി<br>(സൂപ്രണ്ട് ഇൻ ചാർജ്) | 19-6-17മുതൽ 31-3-18വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.വി.ഗോവിന്ദരാജ് | 1-4-17 മുതൽ 31-3-18 വരെ |
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ.ഫ്രാൻസിസ് വർഗ്ഗീസ് .സി | 1-4-17 മുതൽ 17-11-18 വരെ |
| | ശ്രീ.ജയപ്രകാശ് .ടി (ഓവർസിയർ ഇൻ ചാർജ്) | 18-11-17 മുതൽ 25-1-18വരെ |
| | ശ്രീ. ദിലീഷ് .എൻ.ഡി | 26-1-18മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ശ്രീജ പി.എം | 1-4-2017 മുതൽ 31-3-18 വരെ |
| എസ്.സി.ഡി.ഒ | ശ്രീമതി കെ.ഇ.സിമ്മി | 1-4-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.അശ്വതി പുരുഷോത്തമൻ | 1-4-17 മുതൽ 6-6-17 വരെ |
| | ഡോ.കൈലാസ് പി | 7-6-17 മുതൽ 2-7-17 വരെ<br>15-9-17മുതൽ 4-10-17വരെ<br>3-12-17 മുതൽ 31-3-18വരെ |
| | ഡോ.ഹരിഗോവിന്ദ് സി.ടി | 3-7-17മുതൽ 14-9-17 വരെ |
| | ഡോ.സി.അശോകൻ | 5-10-17മുതൽ 2-12-17 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ഗീത രാമചഗരത്ത് | 1-4-17 മുതൽ 31-3-18വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ടി.കെ.മോഹനൻ | 1-4-17 മുതൽ 14-9-17 വരെ |
| | ശ്രീ.കെ.മൂസ്സക്കുട്ടി | 15-9-17മുതൽ 30-10-17 വരെ |
| | ശ്രീ.അബ്ദുൾ കരിം കെ | 1-11-17 മുതൽ 31-3-18 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീമതി.ലീന എം | 1-4-17 മുതൽ<br>31-03-18 വരെ |
| പ്രോജ.ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ.രഞ്ജിത്ത് | 1-4-17 മുതൽ 30-9-17 വരെ |
| | ശ്രീമതി ഷീലാ ഫ്ലവർ | 1-10-17മുതൽ 16-12-17 വരെ |
| | ശ്രീ.ഗോപകുമാർ | 17-12-17മുതൽ 31-3-18വരെ |
| പ്രിൻസിപ്പൽ, ഗവ.ഹയർ സെക്കന്ററി സ്കൂൾ | ശ്രീ.ആർ.ആനന്ദൻ | 1-4-17 മുതൽ 31-3-18 വരെ |

## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

25-03-2017 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21-3-18തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 31-07-2018 | ----- | |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾപരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 30-08-2018 | നം.കെ.എസ്.എ-പി.കെ.ഡി.21/2000/18 തിയ്യതി-30-08-18 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 67825559.53 |
| വരവ് | 249105062 |
| ആകെ | 316930621 |
| ചെലവ് | 264706957 |
| നീക്കിയിരിപ്പ് | 52223664.53 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ്/ അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 36841000 | 36841000 | 34575391 | 2265609 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 34043000 | 34043000 | 23661900 | 10381100 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്-റോഡ് (ACR പ്രകാരം) | | 0 | 13877754 | 13877754 | 13877754 | 0 |
| മെയിന്റനൻസ്-നോൺ-റോഡ് (ACR പ്രകാരം) | | 0 | 8293513 | 8293513 | 8074248 | 219265 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 36881646 | 36881646 | 36738166 | 143480 |
| KLSGDP (ACR പ്രകാരം) | | | 11721624 | 11721624 | 11721301 | 323 |
| സാക്ഷരത | | | -- | --- | -- | -- |
| ദുരിതാശ്വാസനിധി | | | -- | -- | -- | -- |
| അയ്യങ്കാളി ദേശീയ തൊഴിലുറപ്പ പദ്ധതി | തൊഴിലാളി കളുടെ കൂലി | 0 | 466825 | 466825 | 466825 | 0 |
| | അഡ്മിനി | 1697073 | 267462 | 1964535 | 1262111 | 702424 |

| | | | | | | |
|---|---|---|---|---|---|---|
| | സ്റ്റേറ്റിവ് ചെലവ് | | | | | |
| IHSDP | | 40954005 | 1109472 | 42063477 | 41941982 | 121495 |
| ILCS | | 301854 | 29582 | 331436 | 420000 | 111436 |
| സ്വച്ഛ ഭാരത് | | 2170524 | 1255025 | 3425549 | 253832 | 3171717 |
| PMAY | | 2820918 | 28346392 | 31167310 | 20635554 | 10531756 |
| ബി ഫണ്ട് | | 0 | 3271120 | 3271120 | 3271120 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 2868959 | 16061000 | 18929959 | 16737415 | 2192544 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6092061 | 32134502 | 38226563 | 38536096 | (-)309533 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 2990850 | 2894739 | 96.78 |
| മുനിസിപ്പൽ എഞ്ചിനിയർ | 274 | 196 | 197377535 | 89034012 | 45.11 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8 | 9195310 | 4413152 | 47.99 |
| സെക്രട്ടറി | 13 | 12 | 7295332 | 6173876 | 84.62 |
| വ്യവസായ വികസന ഓഫീസർ | 1 | 0 | 411500 | 0 | 0 |
| മെഡിക്കൽ ഓഫീസർ-ഗവ.ഹോസ്പിററൽ | 3 | 3 | 1525000 | 1090435 | 71.50 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 1000000 | 1000000 | 100 |
| സീനിയർ വെറ്ററിനറി സർജൻ | 12 | 10 | 13544000 | 2338300 | 17.26 |
| പട്ടികജാതി വികസന ഓഫീസർ | 11 | 10 | 20867800 | 9621013 | 46.10 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ | 21 | 18 | 35249200 | 16937880 | 48.05 |
| ഹെൽത്ത് ഓഫീസർ | 11 | 6 | 6372200 | 1115701 | 17.50 |
| പ്രിൻസിപ്പൽ, ഹയർ സെക്കന്ററി സ്കൂൾ | 4 | 4 | 1930000 | 1894266 | 98.14 |
| ആകെ | 366 | 272 | 297758727 | 136513374 | 45.85 |

മേൽകാണിച്ച പത്രിക പ്രകാരം വ്യവസായ വികസന ഓഫീസർ സ്വന്തം നിർവ്വഹണോത്തരവാദിത്തത്തിൽ നിർവ്വഹിക്കേണ്ട പ്രോജക്ടിനായി അനുവദിച്ച മുഴുവൻ തുകയും നഷ്ടപ്പെടുത്തിയപ്പോൾ സീനിയർ വെറ്ററിനറി സർജ്ജൻ, ഹെൽത്ത് ഓഫീസർ തുടങ്ങിയവർ നാമമാത്രമായ ചെലവുമാത്രമേ നടത്തിയിട്ടുള്ളൂ. മുനിസിപ്പൽ എഞ്ചിനീയർ,ഐ.സി.ഡി.എസ് സൂപ്പർവൈസർ,പട്ടികജാതി വികസന ഓഫീസർ,പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ തുടങ്ങിയ നിർവ്വഹണോദ്യോഗസ്ഥരും 50ശതമാനത്തിൽ താഴെ മാത്രമേ ചെലവ് നിർവ്വഹിച്ചിട്ടുള്ളൂ. ആകെ ചെലവഴിച്ച തുകയും കേവലം 45.85 ശതമാനം മാത്രമാണ്. ജനങ്ങൾക്ക പ്രയോജനപ്രദമാക്കേണ്ട പദ്ധതിപ്പണം യഥാസമയം വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയ നിർവ്വഹണോദ്യോഗസ്ഥർ ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

ILCS, PMAYതുടങ്ങിയ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ AFSൽ ഉൾപ്പെടുത്തിയിട്ടില്ല. രേഖകൾ പരിശോധിച്ച പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 366 | 297758727 | 272 | 136513374 | nil | 94 | 74.36 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1697073 | 267462 | 1964535 | 1262111 | 702424 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 466825 | 466825 | 466825 | 0 |
| ആകെ | 1697073 | 734287 | 2431360 | 1728936 | 702424 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 141720 | 237 |
| കർഷകതൊഴിലാളി പെൻഷൻ | 5499900 | 476 |
| വിധവാപെൻഷൻ | 19437600 | 1547 |
| വാർദ്ധക്യകാലപെൻഷൻ | 30898800 | 2174 |
| വികലാംഗപെൻഷൻ | 4073000 | 310 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 3129400 | 334 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-12-2018 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5627രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1. നഗരസഭ പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും നഗരസഭയുടെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ്ഭാരത്, പി.എം.എ.വൈ എന്നിവയുമായി ബന്ധപ്പെട്ട്ക്യാഷ്ബുക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഇവയുടെയെല്ലാം കണക്കുകൾ മുനിസിപ്പൽ ക്യാഷ്ബുക്കിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

4. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല.

5. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

6. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല.

7. പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ച ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

8. ജിവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്ററർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

9. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.

10. ഇ ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് മുനിസിപ്പൽ ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ വേണ്ട നടപടിസ്വീകരിച്ചിട്ടില്ല,

12. ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വാർഡ് സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ,

പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, വാർഡ് സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (വാർഡ് സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, വാർഡ് സഭാ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ വാർഡ്സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല.

13.മോണിറ്ററിംങ് സംവിധാനം നിലവിലില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ നഗരസഭാ കൗൺസിലും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിശദാംശങ്ങൾ ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4-11-17 | 2013-14 മുതൽ 2016-17 വരെ | 02-02-18 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധം 1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നു.പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം. | ഇനം | AFS പ്രകാരമുള്ള ചെലവ് | ACRപ്രകാര മുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|---|
| 1 | വികസനഫണ്ട്(ജനറൽ) | 34034803 | 34573191 | (-)538388 |
| 2 | വികസനഫണ്ട്(SCP) | 23621812 | 23661900 | (-)40088 |
| 3 | CFC ഗ്രാന്റ് | 36479906 | 36738166 | (-)258260 |
| 4 | KLSGDP | 19585915 | 11721301 | (+)7864614 |
| 5 | മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) | 7189618 | 8074248 | (-)884630 |

മേൽ കാണിച്ച പ്രകാരമുള്ള പ്രധാനപ്പെട്ട വരവിനങ്ങളിൽ വാർഷിക ധനകാര്യപത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും സംഭവിച്ച വ്യതാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 245 പ്രകാരം മുനിസിപ്പൽ പ്രദേശത്ത് ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുകയോ ,തൊഴിലെടുക്കുകയോ ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ഷൊർണ്ണൂർ നഗരസഭയിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ .

1.തൊഴിൽ നികുതി ഡിമാന്റെ **രജിസ്റ്റർ** പരിശോധിച്ചതിൽ താഴെപറയുന്ന **ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.**

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | Sub post master, ganesh giri, shornur | I |
| 2 | Secretary , ottappalam co-operative employees society | I |
| 3 | General manager, maintenance BSNL southern telecom region | I & II |
| 4 | GM , Telecom, BSNL | I & II |
| 5 | Post master, head post office, shornur | II |
| 6 | ATFA & CAD construction, chennai railway | I & II |
| 7 | Senior divisional person | I & II |
| 8 | Victory ITC, shornur | I & II |
| 9 | Manager, Muthut Finance shornnur | II |
| 10 | New india assurance , shornnur | I |
| 11 | Head Mistress, St.Therasa HS | I |
| 12 | Assistant engineer, building section | I |
| 13 | Manager, mayilvahanam office | II |
| 14 | Manager & Staff, south malabar grameen bank | I |
| 15 | Muthoot finance shornnur | I & II |
| 16 | Madhava farmacy, shornnur | I & II |
| 17 | Pricncipal, higher secondary school, JTS, Kulappully | I & II |
| 18 | Manager & staff, Anurag Theatre | I & II |
| 19 | Manger & staff, suma theatre | I & II |
| 20 | Railway protection force, shornur | I & II |
| 21 | Balaji hotel ,railway platform | I & II |
| 22 | Nila residency | I & II |
| 23 | Hero sales & service centre | I & II |
| 24 | Manager, petrol bunk, snp junction | I & II |
| 25 | Metal industries, shornur | II |
| 26 | Mayilvahanm agencies | I & II |
| 27 | Nila bakers | I &II |
| 28 | Project director, ICCONS hospital , kavalappara | I & II |
| 29 | Sub post master, kavalappara | I |
| 30 | AE , transmission, sub division KSEB | I & II |
| 31 | Primary health centre, kulappully | I & II |
| 32 | Sub post master, sub post office kulappully | I & II |
| 33 | Sub post master, govt.press, kulappully | I & II |
| 34 | Manager, beverages corporation, kulappully | I |
| 35 | Manager supplyco labham market, kulappully | I & II |
| 36 | Manager lakshmi polymers, kulappully | II |
| 37 | KMIC office, kulappully | I & II |
| 38 | Manger samudra regency | II |
| 39 | Yogskshemam bank, kulappully | I & II |
| 40 | Manager, chandra auto mobile work shop kulappully | I & II |
| 41 | Lakshmi pvc products kulappully | II |
| 42 | Superintendent technical high school, kulappully | I |
| 43 | Subpost master, kallippadam | I & II |
| 44 | CSI church office, shornnur | II |
| 45 | SN trust, paruthipra | I |

2. 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം സെക്രട്ടറി, ഓരോ വർഷവും ഏപ്രിൽ മാസത്തിൽ ഓരോ ഓഫീസ് മേധാവിക്കും അല്ലെങ്കിൽ തൊഴിൽനികുതി ഈടാക്കാൻ ബാധ്യസ്ഥനായ ഏതൊരാൾക്കും അവരുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസവും ആവശ്യപ്പെട്ടുകൊണ്ട് V-ാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ചട്ടം 8 ന് അനുസൃതമായി നോട്ടീസ് നൽകിയതായി കാണുന്നില്ല.

3. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 257, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 10 എന്നിവ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ചട്ടാനുസ്രതമായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ 2005, ചട്ടം 4(3) പ്രകാരം തൊഴിൽനികുതി നിർണ്ണയിക്കുന്നതിലേക്കായി നിക്ഷേപങ്ങളിൽ നിന്ന് വരുമാനം ലഭിക്കുന്നവർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, ബിസിനസ്സ് നടത്തുന്നവർ എന്നിവരോട്, അതത് സംഗതി പോലെ, തങ്ങളുടെ അർദ്ധവർഷിക വരുമാനം തൊഴിൽ അല്ലെങ്കിൽ ബിസിനസ് സംബന്ധിച്ച് വിവരങ്ങളടങ്ങിയ റിട്ടേണുകൾ VI-ാം നമ്പർ ഫോറ്ത്തിൽ സത്യപ്രസ്താവന സഹിതം ഓരോ വർഷവും സെപ്റ്റംബർ 30 നും മാർച്ച് 31 നും മുമ്പായി സമർപ്പിക്കാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നഗരസഭാ പ്രദേശത്ത് എത്ര ഡിമാന്റ് നോട്ടീസുകളാണ് വിതരണം ചെയ്തതെന്നോ എത്ര ഈടാക്കിയെന്നോ ഉള്ള വിവരങ്ങൾ രജിസ്റ്ററിൽ നിന്ന് ലഭ്യമല്ല. രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

5. തൊഴിൽ നികുതി റിട്ടേണുകൾ രജിസ്റ്ററിലെ ക്രമ നമ്പർ പ്രകാരം നമ്പർ ഇട്ട് സൂക്ഷിക്കുന്നില്ല. ആയതിനാൽ തൊഴിൽ നികുതി കണക്കാക്കിയതിന്റെ കൃത്യത പൂർണ്ണമായും പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

6. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

# 2-2 ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിലും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിലും നഗരസഭ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി വിലയിരുത്തുന്നു.2016-17 കാലയളവിൽ 431 സ്ഥാപനങ്ങൾക്കാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരുന്നത്. എന്നാൽ 2017-18 കാലയളവിൽ 842 സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1.അംഗീകാരപത്രം ഇല്ലാതെ ആയുർവേദ ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നു.

2007 ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ആക്ട് സെക്ഷൻ 3 പ്രകാരം സംസ്ഥാനത്തെ ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾക്ക് ആ തദ്ദേശസ്വയം ഭരണസ്ഥാപനം നല്കിയിട്ടുള്ള ലൈസൻസിനു പുറമെ ഈ ആക്ടിലെ 6ം വകുപ്പ് പ്രകാരം നല്കപ്പെടുന്ന അംഗീകാരപത്രം കൂടി ലഭ്യമാക്കേണ്ടതാണെന്നും, ടി അംഗീകാരപത്രം ഇല്ലാതെ യാതൊരു ആയുർവേദ ആരോഗ്യകേന്ദ്രവും നടത്തുവാൻ പാടില്ല എന്നും നിഷ്കർഷിക്കുന്നു.

ഷൊർണ്ണൂർ നഗരസഭയിൽ താഴെ പറയുന്ന ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു.

1.പി.എൻ.എൻ.എം ആയുർവേദ മെഡിക്കൽ കോളേജ്.

2. മാധവൻ ആയുർവേദിക് ഹോസ്പിറ്റൽ

3. ഹെല്ത്ത് സ്പ്റിങ്ങ് ആയുർവേദ ട്രീറ്റ്മെന്റ് സെന്റർ

ഇവയ്ക്ക് 2007 ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ആക്ട് പ്രകാരം നല്കപ്പെടുന്ന അംഗീകാരപത്രം ലഭ്യമാക്കിയിട്ടില്ല.ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം 17/തീ.22.12.2018 ന് ലഭ്യമാക്കിയ മറുപടിയിൽ അംഗീകാരപത്രം ലഭ്യമാക്കാത്ത മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 വാടക നിർണ്ണയിച്ച് വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

1.ഷൊർണ്ണൂർ നഗരസഭയുടെ ആസ്തിയിൽ പെടുന്ന താഴെ പറയുന്ന കെട്ടിടങ്ങളുടെ വാടക നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | റൂം നമ്പർ |
|---|---|---|
| 1 | വില്ലേജ് ഓഫീസ് 1 & 2 | 8/402 |

| | | |
|---|---|---|
| 2 | മൈനർ ഇറിഗേഷൻ ഓഫീസ് | 9 |
| 3 | ഫുഡ് & സേഫ്റ്റി ഓഫീസ് | 5 |

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് ( 15/തീ. 22.12.2018) മറുപടിയായി ഷൊർണ്ണൂർ നഗര സഭാകൗൺസിൽ യോഗത്തിന്റെ 12 /12 /2018 തിയതിയിലെ 19 നമ്പർ തീരുമാനം പ്രകാരം മേൽ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിൽ വാടക നിർണ്ണയിച്ചിട്ടുള്ളതായും വാടക കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

വില്ലേജ് ഓഫീസ് 1 & 2 - 5000/ month

മൈനർ ഇറിഗേഷൻ ഓഫീസ്- 7500/month

ഫുഡ് & സേഫ്റ്റി ഓഫീസ്- 2100/month

ടി കെട്ടിടങ്ങളുടെ വാടക കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. സെൻട്രൽ ട്രഷറി (8 /401 A ) യുടെ വാടക കുടിശ്ശിക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 15/തീ. 22.12.2018) മറുപടിയായി വാടക ഇനത്തിൽ സെൻട്രൽ ട്രഷറി 429173 രൂപ അടവാക്കിയതായും പിഴ ഒഴിവാക്കി നൽകണം എന്ന സെൻട്രൽ ട്രഷറിയുടെ അപേക്ഷയെ തുടർന്ന് 27.06.2018 ലെ 10ാം നമ്പർ തീരുമാനപ്രകാരം സർക്കാരിലേക്ക് കത്തയച്ചിട്ടുള്ളതായും ആയതിന്റെ തീരുമാനം ലഭ്യമായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

# 2-4 ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു. ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിങ് സെന്ററുകളുടെ വാടക സംബന്ധിച്ച് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വിവിധ മുറികൾ ലേലം നൽകാതെ ഒഴിഞ്ഞു കിടക്കുന്നതായി കാണ്ടെത്തി. വിശദവിവരം താഴെ കൊടുക്കുന്നു.

1. ഷൊർണ്ണൂർ പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സ്

റൂം നമ്പർ- 1)8/426 (2)

2)8/426 (5)

3)8/426 (6)

4)8/426 (7)

2. കുളപ്പുള്ളി വനിതാ വ്യവസായ കേന്ദ്രം- റൂം നമ്പർ- 17/141 B3

3. രജത ജൂബിലി ,ഷോപ്പിംഗ് കോംപ്ളക്സ് - റൂം നമ്പർ- 8/426 K

4. പഴയ ബസ് സ്റ്റാന്റ് കെട്ടിടം- റൂം നമ്പർ- 7,18,19,20,21,24

ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം നടത്തി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊണ്ട് ഓഡിറ്റിനെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

# 2-5 കട മുറികളുടെ വാടക , ബസ് സ്റ്റാന്റിലെ ഫീസ് പിരിവ് ഇനത്തിൽ വൻ തുക കുടിശ്ശിക കാണുന്നു.

ഷൊർണ്ണൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷൊർണ്ണൂർ കുളപ്പുള്ളി കംഫർട്ട് സ്റ്റേഷൻ, ഷോപ്പിംഗ് കോംപ്ളക്സ് എന്നിവയിൽ വാടക കുടിശ്ശിക നിൽക്കുന്ന മുറികളുടെ വിവരങ്ങൾ

ഷൊർണ്ണൂർ കംഫർട്ട് സ്റ്റേഷൻ

ലേല തുക:511000/-

കുടിശ്ശിക: 100000/-

ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം 14/തീ.22.12.2018 ന് ലഭ്യമാക്കിയ മറുപടിപ്രകാരം കുടിശ്ശിക തുകയായ 1 ലക്ഷം രൂപ അടക്കുന്നതിന് 31.07.2018 ലെ ആർ 2-15066/17 ഫയൽ നമ്പർ പ്രകാരം നോട്ടീസ് അയച്ചിട്ടുണ്ട് എന്നും കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

| ക്രമ നം | റൂം നമ്പർ | വാടക / മാസം | കുടിശ്ശിക |
|---|---|---|---|
| 1 | റൂം നമ്പർ. 8/400 | 2561 | 30732 |
| 2 | റൂം നമ്പർ. 8/408 | 2749 | 32988 |
| 3 | കുളപ്പുള്ളി ബസ് സ്റ്റാന്റിലെ ബങ്കുകൾ<br>ബങ്ക് നം. 21/ 182 A (43) | 2445 | 27948 |
| 4 | ബങ്ക് നം. 21/ 182 A (44) | 2445 | 27948 |
| 5 | ഷൊർണ്ണൂർ പുതിയ ബസ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ളക്സ്<br>8/426 (1) | 17500 | 52500 |
| 6 | ജനകീയ ആസൂത്രണ ബങ്കുകൾ<br>ബങ്ക് നം. 8/426 R | 1216 | 5790 |
| 7 | ജനകീയ ആസൂത്രണ ബങ്കുകൾ<br>ബങ്ക് നം. 8/409 B | 89 | 1020 |
| 8 | ബങ്ക് നം. 7 | 525 | 2500 |

വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-6 ബൈലൊയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ മുറികൾ വാടകയ്ക്കുകൊടുക്കുന്നത് സംബന്ധിച്ച് കൗൺസിൽ തീരുമാന പ്രകാരം ബൈലൊ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല.

1994 കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 572പ്രകാരം ഏതെങ്കിലും ബൈലൊയൊ ,റഗുലേഷനൊ അവയുടെ റദ്ദാക്കലൊ, വ്യത്യാസപ്പെടുത്തലൊ അത് സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നത് വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 10/22.12.2018) മറുപടിയായി ബൈലൊയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ബൈലൊയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 2-7 നഗരസഭാ കോംപൗണ്ടിനകത്തുള്ള ലോറി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭാ കോംപൗണ്ടിനകത്ത് KL-09 B -1937 നമ്പർ ലോറി 2006 ആഗസ്റ്റ് മാസം മുതൽ ഉപയോഗശൂന്യമായി കിടക്കുന്നു. ടി വാഹനത്തിന്റെ ലേല നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്യു.ഡി മെക്കാനിക്കൽ ഡിവിഷൻ നിശ്ചയിച്ച നൽകിയ വാല്യുവേഷൻ തുകയായ 140000/- രൂപയ്ക്ക് 20.10.2017 ലേലനടപടികൾ നടന്നു എങ്കിലും ടി തുകയ്ക്ക് ലേലം കൈകൊള്ളുവാൻ ആരും തയ്യാറാകാത്തതിനാൽ ലേലം മാറ്റി വെയ്ക്കുകയാണ് ചെയ്തത്. ലേലതുക അധികമാണെന്നും ലോറിയുടെ വാല്യുവേഷൻ പുനർനിർണ്ണയിച്ച നൽകണംഎന്നും ആവശ്യപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 13.09.2018 തിയതിയിൽ കത്തയച്ചതായി കാണുന്നു. എന്നാൽ വാല്യുവേഷൻ ഇതുവരെ ലഭിച്ചിട്ടില്ല. കഴിഞ്ഞ 12 വർഷമായി ലേല നടപടികൾ പൂർത്തീകരിക്കാത്തതിനാൽ ലോറി ഉപയോഗശൂന്യമാവാനും നശിച്ചുപോവാനും തന്മൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നതുമാണ്. ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം 23/തീ.24.12.2018 ന് ലഭ്യമാക്കിയ മറുപടിയിൽ ലോറിയുടെ വില പുനർനിർണ്ണയിച്ച നൽകുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയച്ചതായും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ടി ലോറിയ്ക്ക് അറ്റകുറ്റപണികൾ നടത്തിയാൽ നഗരസഭയ്ക്ക് ഉപയോഗിക്കുവാൻ സാധിക്കുമൊ എന്നതിന്റെ സാധ്യതകൾ പരിശോധിക്കുകയൊ അല്ലെങ്കിൽ ലോറിയുടെ വില പുനർനിർണ്ണയിച്ച് ലേല നടപടികൾ പൂർത്തീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-8 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

1.ഷൊർണ്ണൂർ മുനിസിപ്പാലിറ്റി പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. മൊബൈൽ ടവറുകളുടെ നിലവിലുള്ള നികുതി കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | ടവറിന്റെ ഉടമ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | ടവർ നമ്പർ | നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക*/ ഏതു വർഷം മുതൽ |
|---|---|---|---|---|---|---|
| 1 | 4 | M.K.narayanan, SR telecom infrastructure, ernakulam | 2009-10 | 4/96 A | 10060+504 | 2016-17 മുതൽ |
| 2 | 7 | ATC telecom infrastructure pvt ltd. | 2011-12 | 7/169 C | 20312+1016 | 2017-18 മുതൽ |
| 3 | 8 | Reliance infocom Ltd | 2012-13 | 8/115 A | 1066 + 53 | 2013-14 മുതൽ |
| 4 | 9 | Reliance Jio | 2016-17 | 9/94 K | 10020 + 502 + 1002 | 2016-17 മുതൽ |
| 5 | 9 | M.K.narayanan, SR telecom infrastructure Ltd | 2009-10 | 9/179 A | 14040+702 | 2017-18 |
| 6 | 11 | M.K.narayanan, SR telecom infrastructure Ltd | 2008-09 | 11/251 E | 1521+76 | 2016-17 മുതൽ |
| 7 | 13 | BSNL | 2010-11 | 13/255 A | 19500+975 | 2010-11 മുതൽ |
| 8 | 21 | V.D.Sudevan, wireless T.T inform service | 2009-10 | 21/234 A | 510+26 | 2009-10 മുതൽ |
| 9 | 21 | Barath cellular ltd | 2007-08 | 24/41 A | 1002 +51 | 2014-15 മുതൽ |

<u>2.അനധികൃതമായി നിർമ്മിച്ച് പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ കണ്ടെത്താനായി സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ല.</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ല.ഓഡിറ്റ് അന്വേഷണം നം. 11/22.12.2018ന് മറുപടിയായി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തി മുൻകാലപ്രാബല്യത്തോടെ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സ്വീകരിക്കുന്ന നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-9 ടെണ്ടർ ഫോം വില തനത് ഫണ്ടിലേക്ക് മാറ്റണം

ഇ-ടെണ്ടർ നടത്തുന്നതിനു വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ ആരംഭിച്ച അക്കൗണ്ടിൽ തൻവർഷം 2017-18ൽ ലഭ്യമായ ഇ-ടെണ്ടർ ഫോറങ്ങളുടെ വില വാറ്റ് ഉൾപ്പെടെ 360280+61328=ആകെ 421608/-രൂപ വരവു പിടിച്ചിട്ടുണ്ട്. ടി തുക തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വരും വർഷങ്ങളിൽ ടെണ്ടർ ഫോം വിൽപ്പനയിലൂടെ ലഭ്യമാകുന്ന തുക അതാതു സാമ്പത്തിക വർഷം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. 2017-18ൽ ലഭ്യമായ തുക ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 3-1 അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി വിഭാവനം ചെയ്ത് അംഗീകാരം ലഭ്യമാക്കിയ താഴെ പറയുന്ന പ്രെജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല.

I)S0025/18 എന്ന 2016-17 ലെ സ്പിൽ ഓവർ പ്രൊജക്റ്റായ ആട് വളർത്തൽ(എസ്.സി.പി.) എന്ന പദ്ധതിക്കായി താഴെ പറയുന്ന വിഭവ സ്രോതസ്സുകളിൽ നിന്നും അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട് :

| സ്രോതസ്സ് | അന്തിമ വകയിരുത്തൽ | നാളിതുവരെ ചെലവ് | ബാക്കി നിൽപ്പ് |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 15,60,000/- | 14,10,000/- | 1,50,000/- |
| ഗുണഭോക്തൃ വിഹിതം | 5,20,000/- | - | 5,20,000/- |
| ആകെ | 20,80,000/- | 14,10,000/- | 6,70,000/- |

പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ നിർവ്വഹണ കാലയളവിനുള്ളിൽ ഗുണഭോക്തൃ വിഹിതം അടവാക്കുവാൻ തയ്യാറാവത്തതിനാൽ പ്രസ്തുത പദ്ധതി ഉപേക്ഷിക്കപ്പെട്ടതായി നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്. (അന്വേഷണ നം:12തീയ്യതി:22.12.2018).

II)2016-17 ലെ സ്പിൽ ഓവറായ താഴെ പറയുന്ന പ്രൊജക്റ്റിനായി വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ താഴെ പറയുന്ന പ്രൊജക്റ്റ് നിർവ്വഹിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | S0026/18 |
| പേര് | മുട്ടക്കോഴി വളർത്തൽ (എസ്.സി.പി.) |
| വികസന ഫണ്ട് (എസ്.സി.പി) | 2,85,015/- |
| ഗുണഭോക്തൃ വിഹിതം | 1,81,200/- |
| ആകെ | 4,66,215/- |

വാർഡ് സഭയിലൂടെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ മേൽ സൂചിത പദ്ധതിക്കുള്ള ഗുണഭോക്തൃ വിഹിതം അടവാക്കുവാൻ തയ്യാറാവത്തതിനാലാണ് പ്രസ്തുത പദ്ധതി ഉപേക്ഷിക്കപ്പെടുവാനുണ്ടായ സാഹചര്യം സംജാതമായതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.( 22.12.2018ലെ അന്വേഷണ നം.12)

<u>വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിലെ രേഖപ്പെടുത്തലുകൾ</u>

1/22.4.2017ലെ തീരുമാന പ്രകാരം 2016-17 ലെ സ്പിൽ ഒവറായ പദ്ധതികൾ എല്ലാം 5-ാം നമ്പറിൽ ഉൾപ്പെടുത്തിയ എ5/13675/16 ലെ രേഖപ്പെടുത്തലുകൾ പ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1)പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ പ്രകാരം വാർഡ്സഭ യോഗം ചേർന്ന് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തണമെന്നത് നിർബന്ധ വ്യവസ്ഥയാണ്.പ്രസ്തുത വേളയിൽ തന്നെ ഗുണഭോക്തൃ വിഹിതം ലഭ്യമാക്കുവാനും, പദ്ധതിയുടെ നിർവ്വഹണം സുഗമമായി നടത്തുവാനുള്ള ഇവരുടെ പങ്കാളിത്തവും ഉറപ്പ് വരുത്തേണ്ടതാണ്.

2)ഗുണഭോക്തൃ വിഹിതം അടയ്ക്കാത്തതിനാൽ പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ കരാർ ചമയ്ക്കുവാൻ കഴിയാത്ത സാഹചര്യം സംജാതമായതിനാലും, വായ്പാ ബന്ധിത പ്രൊജക്റ്റിൽ ഗുണഭോക്താക്കൾ വായ്പയെടുക്കുവാൻ സന്നദ്ധരാവാത്തതിനാലും പ്രെജക്റ്റ് ഉപേക്ഷിക്കപ്പെട്ടതിനാൽ 2018-19 ൽ കാറ്റഗറി 1 പ്രൊജക്റ്റായി (സ്പിൽ ഓവർ) ഉൾപ്പെടുത്തുവാൻ സാധ്യമാവുകയില്ല. കാറ്റഗറി 2 പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ 2018-19 ലെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കുറവാകുകയും ചെയ്യും. ആയതിനാൽ പദ്ധതി നിർവ്വഹണം പൂർത്തിയാവുന്നത് വരെ വാർഡ്സഭയിലൂടെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ പദ്ധതി നിർവ്വഹണത്തിൽ വ്യക്തമായ പങ്ക് വഹിക്കുന്നുണ്ടെന്നും, ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കപ്പെടുന്നുണ്ടെന്നും വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

ഭാവിയിൽ പദ്ധതികൾ ഉപേക്ഷിക്കപ്പെടുവാനുള്ള മേൽ സാഹചര്യങ്ങൾ ഒഴിവാക്കുകയും, ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രവർത്തികമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-2 ടാർ വാങ്ങൽ അപാകതകൾ.

മുനിസിപ്പൽ എഞ്ചിനീയർ 2017-18 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ സ്പിൽഓവർ പ്രവർത്തികളുടെ ഫയൽ പരിശോധനയിൽ ഡിപ്പാർട്ട്മെന്റ് സപ്ളെ ആയി നൽകിയ ടാറിന്റെ ബാരലുകളുടെ വില മരാമത്ത് ബില്ലുകളിൽ നിന്നും കുറവാക്കിയില്ലെന്ന് കണ്ടെത്തി. കേരളാ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഖണ്ഡിക 1-16-2 പ്രകാരം ഡിപ്പാർട്ട്മെന്റ് സപ്ളെ ആയി നല്കുന്ന സാധന സാമഗ്രികളുടെ വില, ലോഡിംഗ് അൺലോഡിംഗ് ചാർജ്ജുകൾ, കാലി ബാരലുകളുടെ വില എന്നിവ സഹിതം കരാറുകാരിൽ നിന്നും പ്രഥമ ബില്ലിൽ നിന്നുതന്നെ ഈടാക്കേണ്ടതാണെന്നും അവശേഷിക്കുന്ന സാധന സാമഗ്രികളുടെ വില 20% സൂപ്പർവിഷൻ ചാർജ്ജോടുകൂടിയോ, മാർക്കറ്റ് വിലയോ ഏതാണ് കൂടുതൽ എന്ന് കണ്ടെത്തി ആയത് ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ വാങ്ങി നല്കിയ ബാരലുകളുടെ വില 12%ജി.എസ്.റ്റി സഹിതം കരാറുകാരിൽ നിന്നും ഈടാക്കി നല്കുവാൻ മുനിസിപ്പൽ എഞ്ചിനീയർ ബാദ്ധ്യസ്ഥനാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം. & പേര് | കരാറുകാരൻ | ബാരലുകളുടെ എണ്ണം/വില | തുക |
|---|---|---|---|---|
| 1 | 86/18 കുംബാരകുട്ടി റോഡ് | അബൂബക്കർ | 21x238 | 4998 |
| 2 | 66/18 പന്തലൂർതൊടി ആതിര റോഡ് | അനിൽകുമാർ | 11x238 | 2618 |
| 3 | 97/18 പോസ്റ്റ് ഓഫീസ് റോഡ് | അനിൽകുമാർ | 30x238 | 7140 |
| 4 | 64/18 നിള റോഡ് | അഷറഫ് | 28x238 | 6664 |
| 5 | 74/18 ഓൾഡ് എംപ്ലോയിമെന്റ് റോഡ് | ഗോപലകൃഷ്ണൻ.വി.പി | 33x238 | 7854 |
| 6 | 73/18 പാലാട്ട് റോഡ് | ഹംസ.കെ | 29x238 | 6902 |
| 7 | 61/18 പി.പി.സ്റ്റോർ റോഡ് | ഹംസ.കെ | 18x238 | 4284 |
| 8 | 91/18 മുണ്ടായ റോഡ് | ഹംസ.കെ | 10x238 | 2380 |
| 9 | 78/18 മാളൂട്ടി ജംഗ്ഷൻ ടോഡി ഷോപ്പ് റോഡ് | ഹംസ.കെ | 23x238 | 5474 |
| 10 | 71/18 ടി.എം. എസ്.എൽ.പി. സ്കൂൾ റോഡ് | ഹംസ.കെ | 46x238 | 10948 |
| 11 | 68/18 കാക്കനാട്ട കാങ്കലത്ത് റോഡ് | കണ്ടർകുട്ടി | 54x238 | 12852 |
| 12 | 94/18 കരുവാടിച്ചിറ റോഡ് | കൃഷ്ണൻകുട്ടി.പി | 12x238 | 2856 |
| 13 | 89/18 ബസ് സ്റ്റാൻഡ് റോഡ് | കുഞ്ഞുമുഹമ്മദ്. എൻ | 6x238 | 1428 |
| 14 | 77/18 മാപ്പ്സ് റെസിഡൻസി റോഡ് | കുഞ്ഞുമുഹമ്മദ്. എൻ | 34 | 8092 |
| 15 | 51/18 ചാരപ്പറമ്പ് റോഡ് റീടാറിംഗ് | കുഞ്ഞുമുഹമ്മദ്. എൻ | 24x238 | 5712 |
| 16 | 88/18 കണയം റോഡ് | മുഹമ്മദ് ബഷീർ | 34x238 | 8092 |
| 17 | 103/18 പമ്പ് ഹൗസ് റോഡ് | മുഹമ്മദ് അലി.റ്റി | 10x238 | 2380 |
| 18 | 56/18 PVJB റോഡ് റീടാറിംഗ് | മുഹമ്മദ് അലി.റ്റി | 9x238 | 2142 |
| 19 | 57/18 | പ്രദീപ്.വി.ബി. | 20x238 | 4760 |

| | | | | |
|---|---|---|---|---|
| | ശ്രീനഗർ റോഡ് റീടാറിംഗ് | | | |
| 20 | 59/18 ഗോപി മാസ്റ്റർ പടിപ്രാരത്ത് ബാബു റോഡ് | പ്രദീപ്.വി.ബി. | 18x238 | 4284 |
| 21 | 194/17 പാറപ്പുറം അംഗനവാടി റോഡ് | പ്രസാദ്.എ.ആർ | 11x238 | 2618 |
| **22** | **60/18** | രാജേഷ്.എം. | 11x238 | 2618 |
| 23 | 80/18 മുതുകുറിശ്ശിമന പുത്തൻപുരക്കൽ ബാലൻ റോഡ് | രാജേഷ്.എം. | 13x238 | 3094 |
| 24 | 101/18 പന്തലാക്കപ്പറമ്പ് | രാമചന്ദ്രൻ.പി.കെ. | 61x238 | 14518 |
| 25 | 153/18 കണയംറോഡ് റീടാറിംഗ് | രാമചന്ദ്രൻ.പി.കെ. | 115x238 | 27370 |
| 26 | 58/18 മാന്നാനംപറ്റ റോഡ് | രവികുമാർ.എ.ആർ | 26x238 | 6188 |
| 27 | 76/18 കുണ്ടുകാട് റോഡ് | രവികുമാർ.എ.ആർ | 38x238 | 9084 |
| 28 | 92/18 മുണ്ടായ റോഡ് | രവികുമാർ.എ.ആർ | 11x238 | 2618 |
| 29 | 82/18 ചോലകുളം റോഡ് | സാദത്ത് | 50x238 | 11900 |
| 30 | 50/18 പൊയ്ലൂർ സ്കൂൾ റോഡ് | സന്തോഷ്.വി.പി. | 23x238 | 5474 |
| 31 | 87/18 അണ്ണഞ്ചേരിപ്പറമ്പ് റോഡ് | സുബ്രമണ്യൻ | 9x238 | 2148 |
| 32 | 100/18 കയിലിയാട് കണയം റോഡ് | വള്ളുവനാട് കൺസ്ട്രക്ഷൻസ് | 12x238 | 2856 |
| 33 | 85/18 പരിയംതൊടി രാജകുമാരൻ റോഡ് | യൂസഫ് ഹാജി. | 11x238 | 2618 |
| 34 | 104/18 സോക്രട്ട്കോളജ് റോഡ് | യൂസഫ് ഹാജി.എൻ | 40x238 | 9520 |
| 35 | 98/18 ഹെൽത്ത് സെന്റർ റോഡ് | യൂസഫ് ഹാജി.എൻ | 13x238 | 3094 |
| 36 | 90/18 പുറയംകുളങ്ങരത്തോപ്പ്- ചിറ്റാനിശ്ശേരി റോഡ് | യൂസഫ് സിദ്ദിഖ്.എ | 23x238 | 5474 |
| | | **ആകെ** | **937x238** | **223006** |

# 3-3 ടാർ വാങ്ങൽ അധിക തുക അടവാക്കേണ്ടതാണ്.

2017-18 കാലയളവിൽ വിവിധ പ്രവർത്തികൾക്കായി കരാറുകാർക്ക് ബിറ്റുമിൻ വാങ്ങി നല്കിയ വകയിൽ കമ്പോള വില പ്രകാരം മിച്ചം വന്ന തുക 3,73,999/- വിവിധ ഫണ്ടുകളിൽ നിന്നും ഫൈനൽ ബിൽ മുഖേന പിൻവലിച്ചത് മുൻസിപ്പൽ എഞ്ചിനീയറുടെ അക്കൌണ്ടിൽ താല്ക്കാലികമായി നിക്ഷേപിച്ചിരിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തി. ടി തുക എത്രയും അതത് ഫണ്ടുകളിലേക്ക്

തിരികെ അടവാക്കേണ്ടതാണ്. ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഫണ്ടിനം | തുക |
|---|---|---|
| 1 | CFC | 30819/- |
| 2 | SCP | 56242/- |
| 3 | MGR | 286938/- |
| | TOTAL | 373999/- |

# 3-4 പ്രവർത്തിയിൽ ലഭ്യമായ കരിങ്കല്ല് വില ഈടാക്കിയില്ല.

2017-18 വർഷം പ്രോജക്റ്റ് നമ്പർ 43/18 ആയി നിർവ്വഹണം നടത്തിയ വിവിധ തോടുകളുടെ സംരക്ഷണം എന്ന പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ ഒന്നാം ഇനമായി നിർവ്വഹണം നടത്തിയ ഡിമോളിഷിംഗ് പ്രവർത്തിയിലൂടെ ലഭ്യമായ 21.4 എം3 കരിങ്കല്ലിൽ 17.16എം3 ഉപയോഗ യോഗ്യമാണെന്ന് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടി കരിങ്കല്ല് പ്രവർത്തിയിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വില കുറവുചെയ്തിട്ടില്ല. ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടതിന് പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കാമെന്ന് മറുപടി നല്കിയിട്ടുണ്ട്. ആയതിനാൽ നഷ്ടം വന്ന തുക 20495/-രൂപ (17.16*1194.36=20495/-) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

വിശദവിവരം ചുവടെ ചേർക്കുന്നു.

അടങ്കൽ 800000/-രൂപ

ആകെ പ്രവർത്തി മൂല്യം. 761938/-

ബിൽ നം. 16/17-18,തിയ്യതി.30.6.2017

തുക . 455675/-രൂപ

എം ബുക്ക് നം. 297/16-17,326/16-17

# 3-5 ഷൊറണ്ണൂർ നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനം - അവലോകനം

മാലിന്യ സംസ്കരണത്തിനായി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകളും 13-ാം പദ്ധതിയുടെ മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഹസാർഡസ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, എന്നിവയിലെ പാലിക്കുന്നതിൽ ഷൊറണ്ണൂർ നഗരസഭ എത്രത്തോളം കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ട് എന്ന് പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ആയതനുസരിച്ച് രേഖകൾ പരിശോധിക്കുകയും ആരോഗ്യ വിഭാഗം ജീവനക്കാരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പതിനഞ്ചാം വാർഡിലെ മെറ്റൽ ഇന്ഡസ്ട്രീസിനടുത്ത് നഗരസഭയുടെ അധീനതയിലുള്ള 1.76 ഏക്കർ സ്ഥലത്താണ് മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഷൊറണ്ണൂർ നഗരസഭയിലെ എല്ലാ വാർഡുകളിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ മിനി ലോറിയുടെ സഹായത്തോടെ നഗരസഭ ശേഖരിക്കുകയും പ്ലാന്റിൽ കൊണ്ടു വന്ന് കുഴിയിൽ നിക്ഷേപിക്കുകയും ചെയ്യുന്ന രീതിയാണ് തുടർന്നു വരുന്നത്.

ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിച്ചാണ് മാലിന്യ ശേഖരണം നടത്തി നിക്ഷേപിക്കുന്നത്. പ്രസ്തുത സ്ഥലത്തിനോടനുബന്ധമായുള്ള 50 സെന്റ് സ്ഥലത്തിൽ പ്രവർത്തിക്കുന്ന ഷ്രെഡ്ഡിംഗ് യൂണിറ്റിലാണ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിക്ഷേപിച്ചു വരുന്നത്. മാലിന്യ സംസ്കരണത്തിനായി നഗരസഭ സ്വീകരിച്ചുവരുന്ന നടപടികളും നിലവിലെ സ്ഥിതിയും വിലയിരുത്തിയിട്ടുണ്ട്.

<u>1. പ്ലാന്റിലെ സംവിധാനങ്ങൾ</u>

24.05.2017 തിയതി മുതൽ പ്ലാസ്റ്റിക് ഷെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ച് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് നടന്നുവരുന്നുണ്ട്. ദിനംപ്രതി ഒരു ടൺ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗിനുള്ള ശേഷിയുണ്ടെങ്കിലും ശരാശരി 50 കി.ഗ്രോം മാത്രമാണ് നിലവിൽ പൊടിച്ചെടുക്കുന്നത്. ഷ്രെഡ്ഡിംഗ് നടത്തിയതിനുശേഷമുള്ള പ്ലാസ്റ്റിക് വഴുതക്കാട് തിരുവനന്തപുരത്തുള്ള ക്ലീൻ കേരള കമ്പനി ലിമിറ്റഡിനാണ് സപ്ലൈ ചെയ്യുന്നത്. ഒരു കിലോഗ്രാം ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്കിന് 15 രൂപയാണ് ക്ലീൻ കേരള കമ്പനി നഗരസഭയ്ക്ക് ലഭ്യമാക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ 84,903/- രൂപ ഈ ഇനത്തിൽ വരുമാനമുണ്ടായിട്ടുണ്ട്.

നഗരസഭയുടെ മാലിന്യ പ്ലാന്റിൽ16 ബയോബിന്നുകൾ 12.08.2011 മുതലും 6 ബയോബിന്നുകൾ 11.06.2012 മുതലും( ആകെ 22 എണ്ണം) പ്രവർത്തിക്കുന്നുണ്ട്. ബയോബിന്നുകൾ ജൈവ മാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കി മാറ്റി അവിടെ തന്നെ സ്റ്റോക്ക് ചെയ്യുകയാണ് ചെയ്യുന്നത്. ബയോബിന്നുകളുടെ പ്രവർത്തനത്തിനായി കുടുംബശ്രീ യൂണിറ്റ് അംഗങ്ങളായ 7 ജീവനക്കാരാണ് പ്രവർത്തിക്കുന്നത്. 4 വാർഡുകളിലെ വിടുകളിൽ നിന്നായി ശേഖരിക്കുന്ന ജൈവ മാലിന്യങ്ങളാണ് വളമാക്കി മാറ്റുന്നത്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2. വാഹനങ്ങളുടെ വിവരം

നിലവിൽ ഒരു മിനി ലോറി മാത്രമാണ് മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്നത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 339 പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത ഏതെങ്കിലും വണ്ടി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ നിലവിൽ മൂടിയില്ലാത്ത വാഹനമാണ് ഉപയോഗിച്ചു വരുന്നത്.

3. മാലിന്യം ശേഖരിക്കുന്ന രീതി

തെരുവുകളിലേയും വീടുകളിലേയും കടകളിലേയും മാലിന്യം നേരിട്ട് ശേഖരിക്കുന്നതിനുള്ള സംവിധാനം ഷൊറണ്ണൂർ നഗരസഭയിലുണ്ട്. ഭവനങ്ങളിൽ നിന്നും, കടകളിൽ നിന്നുമുള്ള ജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് 27.09.2018 മുതൽ ഹരിതകർമ്മ സേന പ്രവർത്തിച്ചുവരുന്നു.

4. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ

ബയോ ഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം പ്രോൽസാഹിപ്പിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പ്രോജക്ടുകളിൽ വിഭാവനം ചെയ്തിട്ടുള്ളത്രയും ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമായിട്ടില്ല.

5. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം സ്വീകരിച്ച നടപടികൾ

പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 ലെ ഖണ്ഡിക 11 പ്രകാരം പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന ഷ്രെഡ്ഡ്, റോഡ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഇത് ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായത്തോടെ നഗരസഭയിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കുകയും പൊടിച്ചെടുത്ത പ്ലാസ്റ്റിക്ക് ക്ലീൻ കേരള കമ്പനിക്ക് നിലവിൽ ഒരു കിലോ ഗ്രാമിന് 15 രൂപാ നിരക്കിൽ നൽകുന്നുമുണ്ട്. യഥാസമയം ക്ലീൻ കേരള കമപനിക്ക് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ കൈമാറാത്തതിനാൽ സ്റ്റോക്ക് ചെയ്യേണ്ടിവരുന്നു.

ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സംവിധാനം കാര്യക്ഷമമല്ല.

സ.ഉ(കൈ)നം.22/2018/തസ്വഭവ തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി അനുവദിക്കാവുന്ന സബ്സ്ഡിയുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആവശ്യമായ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഉറപ്പാക്കുവാൻ നഗരസഭ ശ്രദ്ധിച്ചിട്ടില്ല.

അനുവദനീയമായ ഇനങ്ങൾക്ക് സബ്സിഡി അനുവദിച്ച് പരമാവധി മാലിന്യം വീടുകളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രോൽസാഹനം നൽകേണ്ടതുണ്ട്.

ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിൽ വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുന്ന വിധത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല.

6. പൊതു സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നതിന് എതിരായ നടപടി

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 340 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആരെങ്കിലും അപ്രകാരം ചെയ്താൽ 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തേണ്ടതും 15 ദിവസത്തിനുള്ളിൽ തുക മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്. അപ്രകാരം തുക അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വകുപ്പ് 340എ പ്രകാരം മാലിന്യങ്ങൾ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്. അപ്രകാരമുള്ള കുറ്റം ചെയ്ത ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. അത്തരത്തിൽ പിഴ ഈടാക്കുകയോ കുറ്റസ്ഥാപനം നടത്തുകയോ ചെയ്തിട്ടില്ലെന്ന് ആരോഗ്യ വിഭാഗം അറിയിച്ചിട്ടുണ്ട്.

7. നഗരസഭ തിരിച്ചറിഞ്ഞ മാലിന്യ പ്രശ്നങ്ങൾ

ഷൊറണ്ണൂർ നഗരസഭയിൽ ഇന്ത്യൻ റെയിൽവേയുടെ അധീനതയിലുള്ള പ്രദേശത്ത് നിക്ഷേപിക്കുന്ന റെയിൽവേ സ്റ്റേഷനിൽ നിന്നുമുള്ള ജൈവ, അജൈവ മാലിന്യങ്ങൾ, പ്ലാസ്റ്റിക് വേസ്റ്റുകൾ എന്നിവയിൽ നിന്നുള്ള മലിന ജലം ഭാരതപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള തടയണയിലേക്കാണ് ഒഴുകി ചേരുന്നത്. പ്രസ്തുത തടയണയിൽ കെട്ടിനിൽക്കുന്ന ജലമാണ് ഷൊർണ്ണൂർ, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി എന്നീ നഗരസഭകളിലും വാണിയംകുളം, ചേലക്കര, വള്ളത്തോൾ നഗർ എന്നീ ഗ്രാമ പഞ്ചായത്തുകളിലും കുടിവെള്ളമായി ഉപയോഗിക്കുന്നത്. ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുന്ന ഈ പ്രവർത്തി അവസാനിപ്പിക്കണമെന്നും മാലിന്യ സംസ്കരണത്തിന് ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് റെയിൽവേ അധികൃതർക്ക് നിരവധി തവണ അറിയിപ്പ് നൽകിയിട്ടും നാളിതുവരെ യാതൊരു നടപടികളും ഉണ്ടായിട്ടില്ല. പ്രസ്തുത വിഷയം റെയിൽവേ അധികൃതർക്ക് നേരിട്ട് ബോധിപ്പിച്ച് പ്രശ്നപരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**8. ഹരിത കർമ്മസേന**

വീട്ടുകളിൽ നിന്നും കടകളിൽ നിന്നുമെല്ലാം നേരിട്ട് മാലിന്യം ശേഖരിക്കുന്നതിനായി 30 പേർ ഉൾപ്പെടുന്ന ഹരിത കർമ്മ സേന 27.09.2018 ന് രൂപീകരിച്ചിട്ടുണ്ട്. വീട്ടുകളിൽ നിന്നും പ്രതിമാസം50 രൂപ നിരക്കിലും കടകളിൽ നിന്നും പ്രതിമാസം കുറഞ്ഞത് 150 രൂപ നിരക്കിലും മാലിന്യം ശേഖരിക്കുന്നതിനുള്ള ഫീസായി ഈടാക്കുന്നുണ്ട്.

**9. ബോധവത്കരണ പരിപാടികൾ**

2017-18 വർഷത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ കാര്യക്ഷമമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

**10. പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ**

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ വ്യവസ്ഥകൾ അനുസരിച്ച് പുറപ്പെടുവിച്ച 24-09-2016 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിശ്ചിത തുക പരിപാലന ഫീയായി വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും അനുമതി നൽകിയിട്ടുണ്ട്.

ഷൊറ്ണ്ണൂർ നഗരസഭയിൽ വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ മുതലായവ നിയന്ത്രിക്കുന്നതിന് കർശനനടപടികൾ സ്വീകരിച്ചിട്ടില്ല.

ബദൽ മാർഗ്ഗങ്ങൾ

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദമായ സാമഗ്രികളുടെ ഉൽപ്പാദനവും വിപണനവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിൽ ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**11. ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.
2. മാലിന്യ നീക്കത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കേണ്ടതാണ്.
3. എല്ലാ വാർഡുകളിലേയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
4. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യസംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.
5. പ്ലാസ്റ്റിക്ക് സഞ്ചികളും കവറുകളും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ഹസാർഡസ് എന്നിങ്ങനെയുള്ള മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
7. ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.
8. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കേണ്ടതാണ്.
9. പൊതു സ്ഥലത്ത് മാലിന്യങ്ങൾ വലിച്ചെറിയുകയും പുഴയിലേക്ക് ഒഴുക്കിവിടുന്നവർക്കുമെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
10. പ്ലാസ്റ്റിക്കിനു പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

11. പതിമൂന്നാം പദ്ധതിക്കാലയളവിൽ നടപ്പിലാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത കാര്യങ്ങൾക്കായി പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

12. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് വീടുകളിൽ നിന്നുള്ള മാലിന്യം പ്ലാന്റിൽ എത്തുന്നത് കുറയ്ക്കേണ്ടതാണ്.

13. പ്ലാന്റിലെ ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

14. മാലിന്യ സംസ്കരണ മേഖലയിൽ നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

പട്ടിക ജാതി വികസന ഓഫീസർ സ്വയം തൊഴിൽ വനിതകൾക്ക് 2 വീലർ (എസ്.സി) 2017-18 എന്ന S0270/18 പ്രൊജക്റ്റിനായി വികസന ഫണ്ട് (എസ്.സി.പി) യിൽ നിന്നും 15,00,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തീയതി | ചെലവ് |
|---|---|
| 53/28/03/2018 | 19,029/- |
| 48/28/03/2018 | 1,48,344/- |
| ആകെ | 1,67,373/- |

2017-18 വാർഷിക പദ്ധതി 13 - ാം പദ്ധതി ജി.ഒ.(എം.സ്) നം. 80/2017 ത.സ്വ.ഭ.വ 3.04.2017 പ്രകാരം നിഷ്കർഷിക്കുന്ന താഴെ പറയുന്ന സാക്ഷ്യ പത്രങ്ങൾ ഫയലിൽ സൂക്ഷിച്ച് കാണുന്നില്ല :(അന്വേഷണ നം.18 തീയതി 24.12.2018).

1) ഗുണഭോക്തക്കൾക്ക് നിലവിൽ ഇരു ചക്ര – നാലുചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.

2)മറ്റ് വകുപ്പിൽ നിന്നും ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചില്ലായെന്നതിനുള്ള സ്ഥിരീകരണം.

മേൽ സൂചിത സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് സമർപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 ഹെൽത്ത് സൂപ്പർവൈസർ L.T.C ആനുകൂല്യം കൈപ്പറ്റിയത്-യാത്രാരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു

നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ ശ്രീ.ടി.കെ.മോഹനൻ സർക്കാർജീവനക്കാർക്ക അനുവദനീയമായ ലീവ് ട്രാവൽകൺസഷൻ ആനുകൂല്യം കൈപ്പറ്റി ടൂർ പോയ വകയിൽ താഴെ പറയും പ്രകാരം തുക കൈപ്പറ്റിയുട്ടുണ്ട്.

വൗ.നം. 19/4-17---71800/-രൂപ(മുൻകൂർ തുക)

വൗ.നം.193/6-17--- 5000/-രൂപ

ആകെ-- 76800/- രൂപ

ഇതുമായി ബന്ധപ്പെട്ട വൗച്ചർ (നം.193/06-17--- 5000/-രൂപ) പരിശോധിച്ചപ്പോൾ യാത്രയുമായി ബന്ധപ്പെട്ട് ടിയാൻ സമർപ്പിച്ചിരിക്കുന്നത് വ്യോമയാത്രയുടെ ബോർഡിംങ് പാസ്സുകളാണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഫയൽ നം. G1-2759/17 പ്രകാരം ശ്രീ.മോഹനൻ യാത്ര ചെയ്തിരിക്കുന്നത് II AC ട്രയിൻ കമ്പാർട്ട്മെന്റിലാണ്. അൽ ഹിന്ദ് ടൂർസ് ആന്റ് ട്രാവൽസ് എന്ന സ്ഥാപനം തന്നെയാണ് മേൽപറഞ്ഞ രണ്ട് യാത്രകൾക്കുമുള്ള അറേഞ്ച്മെന്റ് ചെയ്തതായി കാണുന്നത് . ടി.ഉദ്യോഗസ്ഥന്റെ L.T.C പ്രകാരമുള്ള യാത്രാവിവരങ്ങളിൽ യാതൊരു കൃത്യതയും പരിശോധനയിൽ ബോധ്യപ്പെടുന്നില്ല. വിമാനയാത്രാ ടിക്കറ്റുകളോ ട്രയിൻയാത്രാ ബുക്കിംങ് ഉൾപ്പടെ മറ്റ് വാഹനങ്ങളിൽ യാത്രചെയ്തതിന്റെ രേഖകളോ ഒന്നും തന്നെ വൗച്ചറിനോടൊപ്പമോ ഫയലിനൊപ്പമോ കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം.24/26-12-18)ത്തിന് നൽകിയ മറുപടിയിൽ 40884/-രൂപയുടെ ചെലവാണ് ഉണ്ടായിട്ടുള്ളതെന്ന് ബോദ്ധ്യപ്പെടുത്തുന്ന വിവരണ ചാർട്ടും വിശദീകരണവുമല്ലാതെ യാതൊരു യാത്രാരേഖയും ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിലെ ചെലവുതുക 76800/ രൂപഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 3-8 നഗരസഭാ വാഹനങ്ങൾ - മൈലേജ് ടെസ്റ്റ് നടത്തുന്നില്ല, ലോഗ് ബുക്ക് അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിൽ അപാകം

ഷൊറണൂർ നഗരസഭയിൽ താഴെ പറയുന്ന വാഹനങ്ങളാണ് ഔദ്യോഗികാവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നത്.

1. K L-51-B-9000-ബൊലേറോ

2.K L-51-H-5836-ടൊയോട്ട എററിയോസ്

3.K L-51-B-9999-ട്രാവലർ (ആംബുലൻസ്)

4.K L-51-C-9009-ഐഷർ ടിപ്പർ

മേൽപറഞ്ഞ വാഹനങ്ങളുടെ ലോഗ് ബുക്കും അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ വാഹനത്തിന്റെ കൺട്രോളിംഗ് ഓഫീസറായ സെക്രട്ടറി വീഴ്ചവരുത്തിയിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്.)നം. 170/07/ത.സ്വ.ഭ.വ. തീ. 30.06.07) നിർദ്ദേശങ്ങൾ ഒന്നുംതന്നെ നഗരസഭാ വാഹനത്തിന്റെ ഉപയോഗത്തിൽ പാലിച്ചിട്ടില്ല. ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ലെന്ന് കാണുകയുണ്ടായി. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട ചെലവുകൾ മറ്റ് വിവരങ്ങളും നിരീക്ഷിക്കുന്നതിന് നഗരസഭയിൽ ഒരു ഫയൽ നിലവിലില്ല. ലോഗ് ബുക്കിന് പുറമേ സൂക്ഷിക്കേണ്ടതായ താഴെ പറയുന്ന രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

- ഡീസൽ, ഓയിൽ എന്നിവയ്ക്കുള്ള ഓർഡർ ബുക്ക്
- റിപ്പയർ രജിസ്റ്റർ
- സ്റ്റോക്ക് രജിസ്റ്റർ
- ഇന്ധനത്തിന്റേയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ

ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് കസ്റ്റോഡിയൻ ഓഫീസർ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ്,മൈലേജ് ടെസ്റ്റ് എന്നിവ കൃത്യമായ ഇടവേളകളിൽ നടത്തുന്നില്ല. വാഹനങ്ങളുടെ ലോഗ് ബുക്ക് മാസാന്ത്യ/വർഷാന്ത്യ ക്ലോസിംഗ് നടത്തി ഉപയോഗിച്ച ഇന്ധനത്തിന്റെയും, ഓടിയ ദൂരത്തിന്റെയും കണക്കുകൾ തയ്യാറാക്കി ഇന്ധന ഉപയോഗത്തിന്റെ കൃത്യത കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും, പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട ചെലവുകൾ നിരീക്ഷിക്കുന്നതിന് ഉതകുന്ന രീതിയിൽ ഒരു ഫയൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# 3-9 തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിക്കുവാനായി സംയുക്ത പരിശോധന നടത്തുവാൻ വൈദ്യുതി ബോർഡിന് നഗരസഭ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. നിലവിൽ തെരുവു വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ രേഖകൾ പ്രകാരമുള്ള കൃത്യതയില്ലാത്ത കണക്കനുസരിച്ചാണ്. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളുടെ എണ്ണവും പ്രതിമാസ വൈദ്യുതി ചാർജ്ജും താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 748 | 61 | 45628 |
| 2 | സി.എഫ്.എൽ - 1x18 W | 186 | 12 | 2232 |
| 3 | സി.എഫ്.എൽ - 11 W | 67 | 7 | 469 |
| 4 | ഫ്ലൂറസന്റ് ട്യൂബ് - 40 W | 555 | 61 | 33855 |
| 5 | ഫ്ലൂറസന്റ് ട്യൂബ് - 2x40 W | 1000 | 124 | 124000 |
| 6 | സോഡിയംവേപ്പർലാമ്പ്-150W | 88 | 247 | 21736 |
| 7 | സോഡിയം വേപ്പർലാമ്പ്-100 W | 98 | 165 | 16170 |
| 8 | സോഡിയം വേപ്പർ ലാമ്പ്- 80W | 106 | 132 | 13992 |
| 9 | സോഡിയം വേപ്പർ ലാമ്പ്-70W | 30 | 116 | 3480 |
| 10 | സി.എഫ്.എൽ - 2x11 W | 554 | 14 | 7756 |

**മീറ്ററിംഗിനായി തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും മീറ്റർ സ്ഥാപിച്ചില്ല**

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 12.08.13-ന് 831720രൂ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും മീറ്റർ സ്ഥാപിക്കുന്ന പ്രവർത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കാര്യക്ഷമമായ നടപടികളൊന്നും നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല. മീറ്ററിംഗ് നിലവിൽ വരുന്നതോടെ നിലവിലില്ലാത്തതും പ്രകാശിക്കാത്തതുമായ ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കേണ്ടി വരുന്നത് ഒഴിവാകുന്നതാണ്. ആയതിനാൽ അടിയന്തിരമായി വൈദ്യുതി ബോർഡ് അധികൃതരുമായി ചർച്ച ചെയ്ത് പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

6. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

# 3-10 പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

നഗരസഭയുടെ പരിധിയിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 840 പൊതു ടാപ്പുകൾ നിലവിലുണ്ട്. പ്രതിമാസം 551880 രൂപ വെള്ളക്കരമായി മുനിസിപ്പാലിറ്റി ഒടുക്കേണ്ടതുണ്ട്. ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കണക്ക് ഇല്ലാത്തതിനാൽ വെള്ളക്കരം ഒടുക്ക് കൃത്യമാണോ എന്ന് പരിശോധിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.
മുനിസിപ്പൽ ഫണ്ടിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പ്രതിമാസം ഒടുക്കേണ്ട തുക ഒടുക്കുവാൻ സാധിക്കാത്ത സ്ഥിതി നിലവിലുണ്ട്. 2017-18 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 15,28,000/- രൂപ വെള്ളക്കരമായി ഒടുക്കിയിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക ഏതു കാലയളവ് മുതലാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായില്ല.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാകുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കണക്ക് കൃത്യമാക്കേണ്ടതും നിലവിലില്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ (എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

4. കുടിശ്ശിക തുക ഘട്ടം ഘട്ടമായി ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വെള്ളക്കരം അതാതുമാസം തന്നെ അടവാക്കി ഈയിനത്തിലെ പിഴ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. കുടിശ്ശിക ഒഴിവാക്കുന്നതിന് സർക്കാർ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് അദാലത്ത് നടത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

# 3-11 ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിക്കണമെന്ന മുനിസിപ്പൽ നിയമത്തിലെ വ്യവസ്ഥ പാലിച്ചില്ല

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 284 പ്രകാരം ഒരോ മുനിസിപ്പാലിറ്റിയും അതിന്റെ വാർഷിക ബഡ്ജറ്റിൽ, മുനിസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ റനന്യ വരുമാനത്തിന്റെ രണ്ട് ശതമാനം ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നൽകേണ്ടതും അത് അതതു സമയം സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ നാളിതുവരെ ഇപ്രകാരമൊരു ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിക്കുകയോ ഫണ്ടിലേക്ക് നിയമം അനുശാസിക്കും പ്രകാരം നഗരസഭയുടെ വിഹിതം നൽകുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. നിയമം പാലിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിക്കുന്നതിന് നഗരസഭാ കൗൺസിൽ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-12 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കുന്നില്ല നടപടികൾ ആവശ്യപ്പെടുന്നു

എ) <u>റെഗുലർ ജീവനക്കാരുടെ പെൻഷൻ</u>

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പ്രതിമാസ ശമ്പളത്തിന്റെ 15% തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കേണ്ടതാണെന്നും 9(3) പ്രകാരം പ്രതിമാസ പെൻഷൻ, ഗ്രാറ്റുവിറ്റി കമ്മ്യൂട്ടേഷൻ, പെൻഷൻ കുടിശ്ശികയുൾപ്പെടെ വേണ്ടിവരുന്ന മൊത്തം തുക ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 10-ൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് ലഭ്യമായത് വരവ് വെക്കുന്നതിന് ട്രഷറിയിലോ നാഷണലൈസ്ഡ് ബാങ്കിലെ എസ് ബി അക്കൗണ്ടിലോ വരവു വെയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ റഗുലർ പെൻഷൻ ഫണ്ടിന്റെ സൂക്ഷിപ്പും വിതരണവും മേൽചട്ടങ്ങൾ അനുശാസിക്കും വിധമല്ല നടത്തിവരുന്നത്. സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ട മുനിസിപ്പാലിറ്റി വിഹിതം നഗരസഭ കാലങ്ങളായി ഒടുക്കുന്നില്ല. പെൻഷൻഫണ്ട് അടവാക്കിയതിന്റെയും കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്ന് തുക ലഭ്യമായതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2017-18 വർഷം വരെ നഗരസഭ പെൻഷൻ കോൺട്രിബ്യഷൻ ഇനത്തിൽ അടവാക്കുവാൻ ബാക്കിയുള്ള തുകയുടെ വിവരം, ഈയിനത്തിൽ നഗരസഭ അടവാക്കിയ തുകയുടെ വിവരം, പെൻഷൻ ഫണ്ട് ലഭ്യമായതിന്റെ വിവരം, നഗരസഭക്ക് പെൻഷൻ ഇനത്തിലുണ്ടായ ചെലവ് എന്നിവയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ.നം | 31.3.2018 വരെയുള്ള റെഗുലർ പെൻഷൻ വിശദാംശം | തുക |
|---|---|---|
| 1 | പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കാനുള്ള തുക (റഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നീയിനങ്ങളിൽ മേൽ കാലയളവിൽ നഗരസഭ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക) | 5670153/- |
| 2 | പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച തുക | 784485/- |
| 3 | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭ ഒടുക്കേണ്ടതായ തുക | 1941040/- |
| 4 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നഗരസഭ അടയ്ക്കേണ്ട തുകയും അലോട്ട്മെൻറായി നഗരസഭയ്ക്ക് അനുവദിച്ച തുകയും കഴിച്ച് പെൻഷൻ ഫണ്ടായി നഗരസഭയ്ക്ക് ലഭിയ്ക്കേണ്ട തുക | 831629/- |
| 5 | പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ അവശേഷിക്കുന്ന തുക | NIL |

കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുവാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിജൻറ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിൻെറ 15% മാസവിഹിതം ആയി മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ

നിക്ഷേപിക്കേണ്ടതാണെന്ന് കേരള മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ്)റൂൾസ് 1997 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഷൊറണ്ണൂർ നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻവിഹിതം നിക്ഷേപിക്കുന്നതിനായി ഷൊറണ്ണൂർ സബ് ട്രഷറിയിൽ 721080200000025 എന്ന നമ്പറിൽ അക്കൗണ്ട് ചേർന്നിട്ടുണ്ടെങ്കിലും മാസവിഹിതമായി തുക അടവാക്കുന്നില്ല.

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2017-18വർഷം വരെ കണ്ടിജന്റ് പെൻഷൻ ഫണ്ടിലേക്ക് ഒടുക്കാൻ അവശേഷിക്കുന്നതുക | ഇല്ല |
| കണ്ടിജന്റ് പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക | 4020119/- |
| കണ്ടിജന്റ് പെൻഷൻ ഫണ്ടിൽനിന്ന് ലഭ്യമായ തുക | 4020119/- |
| കണ്ടിജന്റ് പെൻഷൻ നൽകുന്നതിനായി 2017-18 വർഷത്തിൽ ചെലവഴിച്ച തുകയും ജീവനക്കാരുടെ എണ്ണവും | 4020119/- (30) |
| കണ്ടിജൻറ് പെൻഷൻ ഇനത്തിൽ പെൻഷണർമാർക്ക് ആകെ നൽകുവാൻ അവശേഷിക്കുന്ന തുക | NIL |

പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് കേരള മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ് ) റൂൾസ് 1997 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 3-13 മുൻകൂർ ഇനത്തിൽ കൈപ്പറ്റിയ തുക ക്രമീകരിച്ചിട്ടില്ല.

തൻവർഷം താഴെ പറയുന്ന ജീവനക്കാർ ശമ്പള ഇനത്തിൽ മുൻകൂറായി കൈപ്പറ്റിയ തുക ക്രമീകരിച്ചിട്ടില്ല.

| ജീവനക്കാരന്റെ പേര് | കൈപ്പറ്റിയ ആകെ തുക | ക്രമീകരിച്ചിട്ടില്ലാത്ത തുക |
|---|---|---|
| എ.രഞ്ജിത്ത് | 15000/- | 6000/- |
| | ആകെ | 6000/- |

മേൽപറഞ്ഞ തുക ക്രമീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്

# 3-14 അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി - അവലോകനം

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുക, അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുക, നഗര പ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുബങ്ങൾക്ക് മറ്റ് തരത്തിലെ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുക, നഗരങ്ങളിൽ വസിക്കുന്ന ദരിദ്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി നിർണ്ണയിക്കപ്പെട്ട സാമൂഹിക അവകാശങ്ങൾ സംരക്ഷിക്കുക, എന്നിവയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം.

<u>പ്രവൃത്തികൾ</u>

2017-18 വർഷത്തിൽ 761467 രൂപ അടങ്കലിൽ 601016 രൂപ ചെലവാക്കി 22പ്രവൃത്തികൾ മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ചെയ്ത പ്രവൃത്തികളുടെ എണ്ണവും തരവും താഴെ ചേർക്കുന്ന

| പ്രവൃത്തികളുടെ തരം | എണ്ണം | ചെലവ് |
|---|---|---|
| ഡ്രൈനേജ് വൃത്തിയാക്കൽ | 17 | 540465 |
| തോടുകൾ വൃത്തിയാക്കൽ | 05 | 61016 |
| ആകെ | 22 | 601481 |

ചുരുങ്ങിയ ഫണ്ട് ഉപയോഗിച്ച ആകെ 2347തൊഴിൽ ദിനങ്ങളാണ് മേൽ പറഞ്ഞ ഇനങ്ങളിലായി സൃഷ്ടിച്ചിട്ടുള്ളത് . വൈവിധ്യമാർന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് അധികൃതർക്ക് കഴിഞ്ഞിട്ടില്ല. സ.ഉ(കൈ)നം.216/2017/തസ്വഭവ തീയതി 03.11.2017 (അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മാർഗരേഖ) പ്രകാരമുള്ള ആസ്തി രജിസ്റ്റർ, പ്രതിമാസ അലോട്ട്മെന്റും

ധനവിനിയോഗ സർട്ടിഫിക്കറ്റും സൂക്ഷിക്കൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. വാർഷിക കർമ്മ പദ്ധതിയും ലേബർബഡ്ജറ്റും തയ്യാറാക്കുന്നതിനായി കുടുംബശ്രീ അയൽക്കൂട്ടതലചർച്ച, വാർഡ്സഭകൂടൽ എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി ആവശ്യകതയ്ക്ക് അനുസൃതമായി എല്ലാ വിഭാഗങ്ങളിലുള്ള പ്രവൃത്തികളും ഏറ്റെടുക്കേണ്ടതാണ്. തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും, കാലോചിതമായി പ്രവൃത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 3-15 ഭവന നിർമ്മാണ പദ്ധതി വിഹിതം ഭാഗികമായി കൈപ്പറ്റി പണി പൂർത്തിയാക്കിയിട്ടില്ല.

a)പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16ലെ സ്പിൽ ഓവർ ആയ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 12,60,000/ രൂപ അടങ്കലായി വകയിരുത്തി S0167/18 എന്ന പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം. / തീയതി | ചെലവ് |
|---|---|
| 2/17-18/30/06/17 | 90,000/- |
| 11/17-18/30/06/17 | 1,80,000/- |
| 22/17-18/6/1/18 | 90,000/- |
| ആകെ | 3,60,000/- |

2016-17 ലെ സ്പിൽ ഓവർ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ നൽകുന്നു :

b)പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17ലെ സ്പിൽ ഓവർ ആയ ഇ.എം.എസ്. ഭവന നിർമ്മാണം (എസ്.സി.പി.)പ്രകാരം (എസ്.സി.പി.) വികസന ഫണ്ടിൽ നിന്നും 60,30,000/- രൂപ അടങ്കലായി വകയിരുത്തി S0168/18 എന്ന പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തീയതി | ചെലവ് |
|---|---|
| 3/17-18/30/06/17 | 16,20,000/- |
| 4/17-18/25/07/18 | 1,20,000/- |
| 8/17-18/29/7/17 | 4,80,000/- |
| 12/17-18/30/08/17 | 3,30,000/- |
| 14/17-18/22/09/2017 | 1,80,000/- |
| 21/17-18/8/01/18 | 3,90,000/- |
| 27/17-18/19/01/18 | 1,50,000/- |
| 28/17-18/12/2/18 | 3,60,000/- |
| 32/17-18/15/03/18 | 2,70,000/- |
| 45/17-18/28/03/18 | 60,000/- |
| ആകെ | 39,60,000/- |

2015-16 സാമ്പത്തിക വർഷത്തിൽ ഇ.എം.എസ്. ഭവന നിർമ്മാണ ധന സഹായ പദ്ധതി പ്രകാരമുള്ള 57 ഗുണഭോക്താക്കളിൽ 13 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.2017-18 സാമ്പത്തിക വർഷത്തിൽ 31/03/2016 ന് മുമ്പ് എഗ്രിമെന്റ് വെച്ചിട്ടുള്ള 40 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലുള്ള വിശദവിവരങ്ങൾ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തുവാനായി നഗരസഭ സെക്രട്ടറിക്ക് കൈമാറിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടുമുണ്ട്.(18.12.18 ലെ അന്വേഷണ നം. 3).ഇ.എം.എസ്. ഭവന നിർമ്മാണത്തിനായി ഭാഗികമായി ധന സഹായം കൈപ്പററിയിട്ടുള്ള നിലവിലുള്ള 4 ഗുണഭോക്താക്കൾക്ക് മാത്രമെ 2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുള്ളൂ.ഇവരുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ക്രമ നം. | പേരും,മേൽ വിലാസവും. | സ്റ്റേജ് | തുക | കൈപ്പറ്റിയ തുക | നൽകാനുള്ള തുക | റിമാർക്ക്സ്. |
|---|---|---|---|---|---|---|
| 1 | രാധ, വെളുത്താൻ മാരിൽ, പരുത്തിപ്ര | 2018-19ൽ പൂർത്തിയായി | 3,00,000 | 3,00,000 | - | - |
| 2 | ജാനു, വടുവൻ മാരിൽ, പരുത്തിപ്ര | ,, | 3,00,000 | 3,00,000 | - | - |

| | | | | | | |
|---|---|---|---|---|---|---|
| 3 | നീലി, കൊടക്കാട്ടു പറമ്പിൽ, കാരക്കാട്, കവളപ്പാറ | നാലാം , സ്റ്റേജ് | 3,00,000 | 2,70,000 | 30,000 | ഭവന നിർമ്മാണ ത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. |
| 4 | സുധ, തെക്കെ പുരക്കൽ, ഷൊർണ്ണൂർ | മൂന്നാം , സ്റ്റേജ് | 3,00,000 | 2,10,000 | 90,000 | „ |

മേൽ സൂചിത പട്ടികയിലെ ക്രമ നം.3,4 എന്നിവയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തി ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 3-16 ജനകീയാസൂത്രണ പദ്ധതി - ഗുണഭോക്താക്കൾക്ക് ഐ.എഫ്.എസ്.സി നമ്പറുള്ള അക്കൗണ്ടില്ലാത്തതിനാൽ ആനുകൂല്യം നൽകിയിട്ടില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നെൽകൃഷി വികസനം 2017-18 എന്ന S0033/18 എന്ന പ്രൊജക്റ്റിനായി വികസന ഫണ്ടിൽ നിന്നും 26,84,250/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അടങ്കലിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 26,24,250/- |
| ഗുണഭോക്തൃ വിഹിതം<br>(സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 60,000/- |
| ആകെ | 26,84,250/- |

അടങ്കൽ വിനിയോഗിക്കുവാനായി വിഭാവനം ചെയ്ത വിവിധ ഘടകങ്ങൾ

| | |
|---|---|
| നെൽവിത്ത് വിതരണം | 7,68,000/- |
| കൂലി ചെലവ് | 18,56,250/- |
| ഗുണഭോക്തൃ വിഹിതം | 60,000/- |
| ആകെ | 26,84,250/- |

1)19200 kg നെൽ വിത്ത് വിതരണത്തിന് 40/- രൂപ നിരക്കിൽ 7,68,000/- രൂപ.

2)കൂലി ചെലവിനായി 8,250/- രൂപ ഒരു ഹെക്ടറിന് 225 രൂപ നിരക്കിൽ 18,56,250/- രൂപ

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം /തീയതി | ചെലവ് |
|---|---|
| 1/17-18/9/01/2018 | 7,68,000/- |
| 2/17-18/15/3/2018 | 4,59,579/- |
| 3/17-18/15/3/18 | 4,71,298/- |
| 4/17-18/15/3/18 | 4,87,888/- |
| 5/17-18/15/3/18 | 4,37,394/- |
| ആകെ | 26,24,159/- |

മേൽ സൂചിത ജനകീയാസൂത്രണ പദ്ധതിക്കായി വാർഡ്സഭയിലൂടെ തെരെഞ്ഞെടുത്ത 554 ഗുണഭോക്താക്കളിൽ 3 പേർക്ക് മാത്രം ആനുകല്യം നല്കിയിട്ടില്ലായെന്ന് ഓഡിറ്റ് വേളയിൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.ആയതിനുള്ള വിശദീകരണം കൃഷി ഓഫീസറോട് ആവശ്യപ്പെടുകയുണ്ടായി.ജനകീയാസൂത്രണ പദ്ധതികളിലെ ഗുണഭോക്താക്കളുടെ ഐ.എഫ്.എസ്.സി നമ്പർ സഹിതമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവിരങ്ങൾ സാംഖ്യ എന്ന കേന്ദ്രീകൃത സോഫ്റ്റ് വെയറിൽ ചേർത്താൽ മാത്രമേ ആനുകൂല്യം നൽകുവാൻ സാധ്യമാവുകയുള്ളൂ എന്ന് നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.കൂടാതെ വാർഡ് സഭയിലൂടെ തെരെഞ്ഞെടുത്ത താഴെ പറയുന്ന 3 ഗുണഭോക്താക്കളോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഐ.എഫ്.എസ്.സി

നമ്പറോട് കൂടിയ ബാങ്ക് അക്കൗണ്ട് നിർവ്വഹണ കാലയളവിനുള്ളിൽ ലഭ്യമാക്കാത്തതിനാൽ ആനുകൂല്യം നൽകുവാൻ സാധ്യമായില്ലായെന്നും വിശദീകരണം നൽകിയിട്ടുണ്ട്.പ്രസ്തുത ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു :

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ലക്ഷമിക്കുട്ടിയമ്മ, കാട്ടുവീട്ടിൽ |
| 2 | ലക്ഷമി, ചാക്കയിൽവീട് |
| 3 | മാണിയ്ക്കൻ . സി. കരുവൻകുന്നത്ത്. |

ഭാവിയിൽ മേൽ സാഹചര്യം ഒഴിവാക്കുവാനായി പദ്ധതി നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ ആനുകൂല്യം നല്കുവാനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്കെല്ലാം തന്നെ ഐ.എഫ്.എസ്.സി നമ്പറോട് കൂടിയ ബാങ്ക് അക്കൗണ്ട് ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 3-17 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി നൽകിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

I) പശുകുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ SO360/18 എന്ന പ്രൊജക്റ്റിനായി 12,50,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 3,12,500/- |
| സംസ്ഥാനാവിഷ്കൃത പരിപാടി | 3,12,500/- |
| ഗുണഭോക്തൃ വിഹിതം | 6,25,000/- |
| ആകെ അടങ്കൽ | 12,50,000/- |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 2/17-18/30/01/2018 | 2,37,500/- |

മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനനരജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി നഗരസഭയുടെ അംഗീകാരത്തോടെ 38 കന്നുകുട്ടികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.നഗരസഭയിൽ 2017-18 ലാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കപ്പെട്ടിട്ടുള്ളതെന്ന് വെറ്ററിനറി സർജൻ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.പ്രസ്തുത പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി പൊതു വിഭാഗത്തിലുൾപ്പെടുത്തി വിഭാവനം ചെയ്ത പദ്ധതിക്കുള്ള നഗരസഭയുടെ വിഹിതമായ 2,37,500/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രൊഗ്രാമിലേക്കായി അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട്.(അക്കൗണ്ട് നം. 714021400000008).

II)പശുകുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ SO361/18(എസ്.സി.പി.) എന്ന പ്രോജക്റ്റിനായി 12,50,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 3,12,500/- |
| സംസ്ഥാനാവിഷ്കൃത പരിപാടി | 3,12,500/- |
| ഗുണഭോക്തൃ വിഹിതം | 6,25,000/- |
| ആകെ അടങ്കൽ | 12,50,000/- |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 3/17-18/30/01/2018 | 1,68,750/- |

തെരഞ്ഞെടുത്ത 27 ഗുണഭോക്താക്കൾക്കുള്ള പ്രസ്തുത പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി പൊതു വിഭാഗത്തിലുൾപ്പെടുത്തി വിഭാവനം ചെയ്ത പദ്ധതിക്കുള്ള നഗരസഭയുടെ വിഹിതമായ 1,68,750/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രൊഗ്രാമിലേക്കായി അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട്(അക്കൗണ്ട് നം. 714021400000008).

ഈ പദ്ധതികൾക്കായി തെരഞ്ഞെടുത്ത കന്നുകുട്ടികളുടെ പ്രായം 4 മാസം മുതൽ 32 മാസം വരെയാണ്.നഗര സഭയുടെ പരിധിയിൽ 2 ക്ഷീര കർഷക സഹകരണ സംഘം മാത്രമെ നിലവിൽ പ്രവർത്തിക്കുന്നുള്ളൂ.28 മാസം വരെയാണ് ഇവയ്ക്ക് കാലി തീറ്റ കൊടുത്ത് വരുന്നത്.ഈ കാലയളവിലുള്ള കാലി തീറ്റ വിതരണത്തിനായി 12,500/- രൂപ മാത്രമാണ് സബ്സിഡി നൽകി വരുന്നത്. (അന്വേഷണ നം.18 തീയതി24/12/18).

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഈ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ടും, ധനവിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.ആയത് പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

2)നിർദ്ദിഷ്ടകാലയളവായ 28 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയായില്ലെങ്കിൽ നൽകിയ വിഹിതം തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

# 3-18 വ്യവസായ വികസന ഓഫീസർ പദ്ധതി നിർവ്വഹണം നടത്താതെ ഉപേക്ഷിച്ചു

2017-18 സാംപത്തിക വർഷം വ്യവസായ വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 411500 രൂപ അടങ്കലിൽ കരകൗശലവസ്തു പരിശീലനം എന്ന പ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നെങ്കിലും ആയത് നടപ്പാക്കുകയുണ്ടായില്ല. ആകെ ഈ ഒരു പ്രോജക്ട് മാത്രമേ ഈ ഉദ്യോഗസ്ഥൻ നിർവ്വഹിക്കുന്നതിനായി തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളൂ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ജീവനോപാധി കണ്ടെത്തുന്നതിന് ഉതകുമായിരുന്ന പ്രോജക്ടുകൾ നടപ്പിലാക്കാതെ പ്രോജക്ടുകൾക്ക് വകയിരുത്തിയ വികസന ഫണ്ട് ലാപ്സാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

# 3-19 അപേക്ഷയിലെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല.

പട്ടിക ജാതി വികസന ഓഫീസർ വികസന ഫണ്ട് (എസ്.സി.പി) യിൽ നിന്നും 24,75,000/- രൂപ അടങ്കലായി വകയിരുത്തി എസ്.സി മേൽക്കൂര മാറ്റൽ 2017-18 എന്ന SO197/18 പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം. തിയ്യതി | ചെലവ് |
|---|---|
| 36/17-18/15/02/18 | 1,50,000/- |
| 38/17-18/15/03/18 | 75,000/- |
| 40/17-18/22/03/18 | 75,000/- |
| 49/17-18/28/03/18 | 75,000/- |
| ആകെ | 3,75,000/- |

മേൽ സൂചിത പ്രൊജക്റ്റ് പ്രകാരം സബ്സിഡിയിനത്തിൽ 75,000/- രൂപ നിരക്കിൽ 33 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുവാനായി വാർഡ് സഭയിലൂടെ തെരെഞ്ഞെടുത്തിട്ടുണ്ട്.ധന സഹായത്തിന്റെ ഒന്നാം ഗഡുവായ 37,500/- രൂപ ലഭ്യമാക്കുവാനായി പ്രസ്തുത ഗുണഭോക്താക്കളിൽ ഉൾപ്പെട്ട ശ്രീ.സുബ്രഹ്മണ്യൻ, പാറക്കളം വീട്, കുളപ്പുള്ളി എന്ന വ്യക്തി അപേക്ഷ പ്രകാരം സമർപ്പിച്ചത് കാത്തോലിക്ക് സിറിയൻ ബാങ്കിലെ അക്കൗണ്ടായിരുന്നു.(അക്കൗണ്ട് നം.011501429112190001 ). പ്രസ്തുത അക്കൗണ്ടിൽ കുറേ കാലയളവിൽ ഇടപാടുകൾ നടത്താതിനാൽ ധനസഹായം നൽകുവാൻ സാധ്യമല്ലാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടതായി നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.(24.12.18 ലെ അന്വേഷണ നം.19).ആനുകൂല്യം ലഭ്യമാക്കുവാനായി മേൽ ഗുണഭോക്താവിനോട് പുതിയ അക്കൗണ്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് കുളപ്പുള്ളിയിലെ ഫെഡറൽ ബാങ്ക് അക്കൗണ്ട് (നം.19700100033624) തുടർ നടപടികൾക്ക് സമർപ്പിച്ചതായി വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.സാംഖ്യ വെബ്സൈറ്റ് മുഖേന പുതിയ അക്കൗണ്ടിലേക്ക് സബ്സിഡി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുമുണ്ട്.അക്കൗണ്ട് മാറ്റിയതിന്റെ വിവരങ്ങൾ സാംഖ്യ സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് ചെയ്ത് എടുക്കുവാനുള്ള സംവിധാനം ഇല്ലാത്തതിനാൽ പ്രസ്തുത വിവരങ്ങൾ ഫയലിൽ സൂക്ഷിക്കപ്പെട്ടിട്ടില്ല.NEFT ലൂടെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുകയായതിനാൽ കൈപ്പറ്റ് രസീതി ഗുണഭോക്താവിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ലായെന്നും എസ്.സി.ഡി.ഒ. ഓഫീസർ വിശദീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഗുണഭോക്താവിന് കുളപ്പുള്ളിയിലെ ഫെഡറൽ ബാങ്ക് അക്കൗണ്ട് (നം.19700100033624) ലേക്ക് സബ്സിഡി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിനുള്ള സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ആധികാരിക പാസ്സ് ബുക്കിന്റെ പകർപ്പ് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.ആയത് വരെ സബ്സിഡിയിനത്തിൽ നൽകിയ ഒന്നാം ഗഡുവായ 37,500/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-20 നഗരസഭയിലെ അങ്കണവാടികളുടെ പ്രവർത്തനം- സംബന്ധിച്ച്

<u>എ) അംഗൻവാടി പോഷകാഹാര വിതരണം- ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ല.</u>

നഗര സഭയിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിശ്ചിത സമയ പരിധിയിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

<u>ബി) മിച്ചമുള്ള കേന്ദ്ര വിഹിതം ഉപയോഗിച്ച് അങ്കണവാടികളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്.</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഷൊർണ്ണൂർ നഗരസഭയിൽ ഐ.സി.ഡി.എസ്സിന് ലഭിച്ച കേന്ദ്ര വിഹിതത്തിൽ ₹21,75,294 രൂപ നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. നഗരസഭയിലുള്ള 33 അങ്കണവാടികളിൽ 9 എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ലാതിരുന്നിട്ടും പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് തുക ചെലവഴിച്ചിട്ടില്ല.

കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, കുടിവെള്ളം, ചുറ്റുമതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പൂരക പോഷകാഹാര പരിപാടിക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ ചെലവഴിക്കാതെ മിച്ചമുള്ള തുക വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയിലെ 33 അങ്കണവാടികളിൽ അടിസ്ഥാന സൗകര്യമില്ലാത്തവയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 33 |
| 2 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 9 |
| 3 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 9 |
| 4 | ഫാൻ ഇല്ലാത്തവ | 10 |
| 5 | ബേബി ഫ്രണ്ടലി ടോയ്ലറ്റ് ഇല്ലാത്തവ | 33 |
| 6 | ചുറ്റ് മതിൽ ഇല്ലാത്തവ | 14 |
| 7 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | ഇല്ല |

സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ തിയതി 22-3-2011 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് സർക്കാർ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.അംഗണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം.

2. വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.

3. എല്ലാ വർഷവും മെയ് 10-നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

4. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമതിലിൽ പെയ്റ്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

5. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകക്കെടുക്കുവാൻ പാടുള്ളൂ.

ഈ നിർദ്ദേശങ്ങൾക്ക് വിധേയമായി അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തി തയാറാക്കിയ മേൽ പട്ടികയിൽ ചൂണ്ടികാണിച്ചിരിക്കുന്ന പോരായ്മകള് പരിഹരിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 09/21.12.2018)

# 3-21 പെയിൻ & പാലിയേറ്റീവ് കെയർ- വാഹനത്തിന്റ ലോഗ്ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല.

പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായുള്ള രോഗികളുടെ സന്ദർശനത്തിനായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-51 E- 5 എന്ന വാഹനമാണ് ഉപയോഗിച്ച് വരുന്നത്. ടി വാഹനത്തിന്റ ലോഗ് ബുക്ക് യഥാവിധി പരിപാലിക്കുകയോ, വാഹനത്തിന്റ ഇന്ധനാക്ഷമതാ ടെസ്റ്റ് നടത്തിയതായോ കാണുന്നില്ല. ധനകാര്യ വിഭാഗത്തിന്റ സർക്കുലർ നമ്പർ 41/2008/ ധനം.02/08/2008 സർക്കുലർ പ്രകാരം വാഹനത്തിന്റ ഇന്ധനാക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യ സമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. ഇന്ധനത്തെയും അറ്റകുറ്റപണികളെയും സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതും തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതും യാത്ര തുടങ്ങുന്നതിന് മുമ്പ് തന്നെ ലോഗ്ബുക്കിൽ യാത്രയെ സംബന്ധിച്ചുള്ള അവശ്യം വേണ്ട വിവരങ്ങൾ, യാത്ര അവസാനിച്ചാലുടൻ യാത്ര ചെയ്ത ദൂരവും ഉദ്യോഗസ്ഥന്റെ ഒപ്പം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ ടി വാഹനത്തിന്റ ലോഗ് ബുക്കിൽ മേൽ സർക്കുലർ പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വർഷങ്ങളായി ഇന്ധനാക്ഷമതാ ടെസ്റ്റ് നടത്തിയതായും കാണുന്നില്ല.

ഇത് സംബന്ധിച്ച് 24.12.2018 നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്കായി തൻവർഷം തുകയൊന്നും വിനിയോഗിച്ചിട്ടില്ല

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 333/18-കുടിവെള്ള പദ്ധതി | 6732-9/1/18 | 2000000 | nil | 2000000 |
| കേരള വാട്ടർ അതോറിറ്റി | 353/18-എസ്.സി.കുടി വെള്ള പദ്ധതി | 6734-9/1/18 | 307250 | nil | 307250 |
| കേരള വാട്ടർ അതോറിറ്റി | 356/18-എസ്.സി. പൈപ്പ്ലൈൻ കണക്ഷൻ | 6733-9/1/18 | 990000 | nil | 990000 |
| കേരള വാട്ടർ അതോറിറ്റി | 379/18-കുടിവെള്ള പദ്ധതി | 10308-12/3/18 | 4100000 | nil | 4100000 |
| കേരള വാട്ടർ അതോറിറ്റി | 352/18-പുത്തൻ പുരയ്ക്കൽ കുടിവെള്ള പദ്ധതി | 6731-9/1/18 | 500000 | nil | 500000 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 336/18-വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 7785-9/1/18 | 2000000 | nil | 2000000 |
| കേരളാ സ്റ്റേറ്റ് | 357/18-എസ്.സി ലൈൻ എക്സ്റ്റൻഷൻ | 8318-9/1/18 | 1259000 | nil | 1259000 |

| | | | | | |
|---|---|---|---|---|---|
| ഇലക്ട്രിസിറ്റി ബോർഡ് | | | | | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 381/18-വൈദ്യുതീകരണ പദ്ധതി | 7784-9/1/18 | 4240304 | nil | 4240304 |
| സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ് | നഗരസഭ സ്റ്റേഡിയം (പ്രോജ.നം. 337/18) | BRNNo.1 7210847000-401294353/ 25-03-18 | 210000 | ---- | 840000 |
| ---do--- | നഗരസഭ സ്റ്റേഡിയം -ഷെഡ് നിർമ്മാണം (പ്രോജ.നം.339/18) | BRNNo.1 7210847000/ 401294355/ 25-03-18 | 218611 | ---- | 874446 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും വരവില്ല

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-4(ബി) | 5493 | ശ്രീമതി.ജുവൈന പി ഖാൻ, അസി.എഞ്ചിനീയർ | 117070101766/ 24-05-2017 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | പൊതുവായ പരാമർശങ്ങൾ | 2003-04 | ഖ.6.12 ന ശേഷമുള്ള പട്ടിക | സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു-മൺപാത്ര വ്യവസായം. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണ നയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | 25 മോട്ടോറുകൾ വിതരണം ചെയ്തില്ല. | |
| | | | | വനിതാ വ്യവസായ സംഘത്തിന് അനധികൃതമായി മുൻകൂർ നൽകി. 754000 രൂപ മുതലും 327990 രൂപ പലിശയും ഉൾപ്പെടെ ആകെ 1081990 രൂപ തിരിച്ചടക്കണം. | |
| | | | | കമ്പ്യൂട്ടർ പരിശീലനം- നഗരസഭ അംഗീകരിച്ച ലിസ്റ്റിൽ ഇല്ലാതിരുന്ന 5 പേർക്ക് പരിശീലനം നൽകി. | |
| | | | | പട്ടികജാതിക്കാർക്ക് കൃഷഭൂമി വാങ്ങിയത്- അനധികൃത സബ്സിഡി 3.75 ലക്ഷം രൂപ. | |
| | | | | തൃപ്പറ്റക്കാവ് പന്തലാക്കൽ കോളനി റോഡ്- കരാറുകാരന് 10137 രൂപ അധികം നൽകി. | |
| | | | | പട്ടികജാതി ക്കാർക്ക് കൃഷഭൂമി വാങ്ങിയത്- അനധികൃത സബ്സിഡി 124250 രൂപ. | |
| 2015-16 | അവലോകനം | 2015-16 | അധ്യായം 3 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണി ച്ചിട്ടില്ല. |

# 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 316930621 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 264706957 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | 20495/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 114300/- |

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദിയായ |
|---|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | | 223006 | സി.ഫ്രാൻസിസ് വർഗ്ഗീസ്, അസി.എഞ്ചിനീയർ |
| 3-4 | | 20495 | സി.ഫ്രാൻസിസ് വർഗ്ഗീസ്, അസി.എഞ്ചിനീയർ |
| | ആകെ | 20495 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 76800 | ശ്രീ.സജി.എൽ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 3-19 | 37500 | ശ്രീമതി.കെ.ഇ.സിമ്മി, പട്ടികജാതി വികസന ഓഫീസർ |
| ആകെ | 114300 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.ഫ്രാൻസിസ് വർഗ്ഗീസ്, അസി.എഞ്ചിനീയർ | റിട്ടയേർഡ് | ചാമവളപ്പിൽ വീട്, ചാലംപാടം, ഇരിഞ്ഞാലക്കുട, തൃശ്ശൂർ ജില്ല. പിൻ-680121 |
| ശ്രീ.സജി.എൽ.എസ്, സെക്രട്ടറി | സെക്രട്ടറി, കായംകുളം നഗരസഭ | ഉഷസ് ഭവൻ, പട്ടത്തിക്കുളം, കാഞ്ഞിരംകുളം തിരുവനന്തപുരം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
| 1996-97 | LF.P22/2197/12/6.3.2013 | അനന്തരക്കുറിപ്പ് |
| 1997-98 | LF.P22/2199/12/6.3.2013 | “ |
| 1998-99 | LF.P22/1186(1)/13/21.1.2015 | “ |
| 1999-2000 | LF.P8/219/12/2.6.2012 | “ |
| 2000-01 | LF.P22/1186(1)/13/21.1.2015 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2001-02 | LF.P8/221/12/21.3.2012 | ഫർദർ റിമാർക്സ് |
| 2002-03 | LF.P8/222/12/29.3.2012 | “ |
| 2003-04 | LF.P8/223/12/6.2.2012 | “ |
| 2004-05 | LF.P8/224/12/15.5.2012 | “ |
| 2005-06 | LF.P22/1242/13/15.5.2012 | “ |
| 2006-07 | LF.P22/1980/13/6.8.2014 | “ |
| 2007-08 | LF.P22/1980/13/6.8.2014 | “ |
| 2008-09 to 2010-11 | L.P22/765/13/5.12.2014 | ഫർദർ റിപ്പോർട്ട് |
| 2011-12 | LF.P22/1334/15/7.11.2015 | സർചാർജ്ജ് ശുപാർശ |
| 2012-13 | KSA-PKD22/75/14.9.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 & 2014-15 | KSA-PKD22-1164/16/22.7.2016 | “ |
| 2015-16 | KSA-PKD22-156/17/13.2.2017 | “ |
| 2016-17 | KSA-PKD22/2009/17/17.11.2017 | ഓഡിറ്റ് റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നമ്പർ കെഎസ്എ പികെഡി 21/2000/18 തീയതി 12.09.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഷൊർണ്ണൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.**

1. തന്‍ വർഷകുടിശ്ശിക തുകകൾക്ക് Income & Expenditure Account-ൽ Provision രേഖപ്പെടുത്തിയിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. നിർവഹണോദ്യോഗസ്ഥരിൽ മുനിസിപ്പൽ സെക്രട്ടറി, ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ ME, ICDS സൂപ്പർവൈസർ എന്നിവർ TR7A യിൽ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.

4. വസ്തു നികുതി, തൊഴിൽ നികുതി, ഡി ആന്റ് ഒ, വാടക, വിനോദ നികുതി, പരസ്യ നികുതി, കെട്ടിട പെർമിറ്റ് എന്നീ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. മുൻ വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള താഴെ പറയുന്ന തുകകൾ, തൻവർഷത്തെ ലെഡ്ജർ മുന്നിരിപ്പ് /ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമനം | ശീർഷകം | 2016-17 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം | 2017-18-ലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് പ്രകാരം |
|---|---|---|---|
| 1 | 310100100 | -38674458.55 | 1482910.73 |
| 2 | 310900100 | 2674940 | 38767920 |
| 3 | 340800100 | 1410238 | 2565263 |
| 4 | 350200199 | 0 | 180693 |
| 5 | 350300200 | 84291 | 54437 |
| 6 | 350300500 | 525255 | 19439 |
| 7 | 45010000 | 335048 | 269996 |
| 8 | 450210300 | 2646501 | 2742386 |
| 9 | 450210900 | 692362 | 41051 |
| 10 | 450410400 | 1894799 | 1697073 |
| 11 | 450610300 | 640360 | 498763 |
| 12 | 450610500 | 1900792 | 1928917 |

6). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 ൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9. തൻവർഷ കടിശ്ശിക തുകകൾക്ക് Income And Expenditure Account ൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10. ആസ്തികൾക്ക് Income And Expenditure Account ൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

11. 2016-17- ലെ RP 40(b) പ്രകാരമുള്ള തുകയും 2017-18- ലെ RP40(a) പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനം | ബാങ്കിന്റെ പേരും അക്കൗണ്ട് നമ്പറും | 2016-17 – RP40 (b) പ്രകാരമുള്ള തുക | 2017-18 -ലെ 40 (a) പ്രകാരമുള്ള തുക |
|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് 430200110000002 | 2646501 | 2742386 |
| 2 | SBT ( e-payment) 67313223904 | 692362 | 41051 |
| 3 | PNB- AUEGS - 430200010007515 | 1894799 | 1697073 |
| 4 | PNB- ILCS- 1100000034 | 640360 | 498763 |
| 5 | PNB- 4302001100000043 | 1900792 | 1928917 |
| 6 | CASH | 335048 | 269996 |

12) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം- 2 ഓഡിറ്റ്ചെയ്ത വാർഷിക പത്രികകൾ

1)

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 21999019.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 90403.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4084030.00 |
| 140000000 | Fee & User Charges | I-4(b) | 3565521.00 |
| 150000000 | Sale & Hire Charges | I-5(b) | 660090.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 216376560.00 |
| 170000000 | Income from Investments | I-7 | 1211556.00 |
| 171000000 | Interest Earned | I-8 | 142494.00 |
| 180000000 | Other Income | I-9 | 975389.00 |
| | Total Income | | 249105062.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 50597826.00 |
| 220000000 | Administrative Expenses | I-11(b) | 7033882.00 |
| 230000000 | Operations & Maintenance | I-12(b) | 5336022.00 |
| 240000000 | Interest & Finance Charges | I-13 | 59288633.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 94106798.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 9429889.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 31463952.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 4034925.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 18593.00 |
| 272000000 | Depreciation | I-17(a) | 3396437.00 |
| | Total Expenditure | | 264706957.00 |
| | Gross Surplus/ Deficit of income over Expenditure | | -15601895.00 |
| 280000000 | Prior Period Item | I-18 | -323222.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -15278673.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

2)

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 67555563.53 |
| Cash | Cash | RP-40(a) | 269996.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 9637999.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 90403.00 |
| 130000000 | Rental income from Panchayat Properties | RP-3 | 450423.00 |
| 140000000 | Fees & User Charges | RP-4 | 2862021.00 |
| 150000000 | Sale & Hire Charges | RP-5 | 660090.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 151048703.00 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 170000000 | Income from Investments | RP-7 | 1211556.00 |
| 171000000 | Interest Earned | RP-8 | 142494.00 |
| 180000000 | Other Income | RP-9 | 975054.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 18097473.00 |
| | Non Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 17101055.00 |
| 340000000 | Deposits Received | RP-27 | 34776515.00 |
| 350000000 | Other Liabilities | RP-29 | 3448143.00 |
| 410000000 | Fixed Assets | RP-31 | 120000.00 |
| 460000000 | Loans, Advances and Deposits | RP-41 | 54860.00 |
| | Grand total | | 308502348.53 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 13476434.00 |
| 220000000 | Administrative Expenses | RP-11 | 2119182.00 |
| 230000000 | Operations & Maintenance | RP-12 | 5321022.00 |
| 240000000 | Interest & Finance Charges | RP-13 | 59288633.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 30981598.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 400000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 13781589.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 31463952.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 4034925.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 18593.00 |
| 331000000 | Unsecured Loans | RP-26 | 32500.00 |
| 350000000 | Other Liabilities | RP-29 | 23420498.00 |
| 430000000 | Stock-in-hand | RP-36 | 21000.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | -323222.00 |
| 311000000 | Earmarked Funds | RP-22 | 4565754.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 581200.00 |
| 340000000 | Deposits Received | RP-27 | 4841754.00 |
| 350000000 | Other Liabilities | RP-29 | 11717171.00 |
| 410000000 | Fixed Assets | RP-31 | 21215268.00 |
| 412000000 | Capital work in Progress | RP-33 | 33990940.00 |
| 460000000 | Loans, Advances and Deposits | RP-41 | 1128087.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 45645542.53 |
| Cash | Cash | RP-40(b) | 779928.00 |
| | Grand Total | | 308502348.53 |

3)

| BALANCE SHEET<br>For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -52563682.55 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1864701.00 |
| 312000000 | Reserves | B-3 | 159699094.00 |
| | Total Reserve & Surplus | | 109000112.45 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 71250606.00 |
| | Total Grants, Contributions for Specific Purposes | | 71250606.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 5850200.00 |
| | Total Loans | | 5850200.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 36466176.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 28421431.20 |
| | Total Current Liabilities and Provisions | | 64887607.20 |
| | TOTAL LIABILITIES | | 250988525.65 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 149812016.42 |
| 411000000 | Accumulated Depreciation | B-11 | -32216005.00 |
| 412000000 | Capital Work in Progress | B-11 | 44564471.00 |
| | Total Fixed Assets | | 162160482.42 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 112151.00 |
| 431000000 | Sundry Debtors (Receivables) | B-15 | 22154380.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -817578.30 |
| 450000000 | Cash and Bank Balance | B-17 | 46425470.53 |
| 460000000 | Loand, Advances and Deposits | B-18 | 20953620.00 |
| | Total Current Assets, Loans and Advances | | 88828043.23 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 250988525.65 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ